2022
നവംബർ
വാല്യം 15 | ലക്കം 11
Annual Subscription ₹ 100.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN




## All Souls' Month - November



അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് തായ്‌ലാൻഡിൽ നടന്ന FABC-യുടെ 50-ാം വാർഷിക സമ്മേളനത്തിൽ സംസാരിക്കുന്നു



മാനന്തവാടി സഹായ മെത്രാൻ അഭിവന്ദ്യ അലക്സ് താരമംഗലം പിതാവിനെ വിജയപുരം ബിഷപ്സ് ഹൗസിൽ സ്വീകരിക്കുന്നു.




കെ.സി.ബി.സി. പ്രഖ്യാപിച്ച സഭാ നവീകരണ വർഷത്തിന്റെ രൂപതാതല ഉദ്ഘാടനം വിമലഗിരി കത്തീഡ്രലിൽ അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുന്നു.

# വിജയപുരദൂത്
VIJAYAPURAM DIOCESAN BULLETIN

2022 NOVEMER Registered Newspaper, Reg.No. KERMAL/2008/24745 Vol.15 • No.11

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Varghese Kottakkattu**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649



## താളുകൾ മറിക്കുമ്പോൾ...

4. എഡിറ്റോറിയൽ:
7. APPOINTMENTS AND TRANSFERS
8 പാപ്പായുടെ മിഷൻ ഞായർ സന്ദേശം
17. പ്രവാസികളുടെ ദിനം
18 വിഴിഞ്ഞം തീരസംരക്ഷണ സമരം എന്തിന്?
20 ഇടവകവാർത്തകൾ
21. ആദരാഞ്ജലികൾ
24. പി.ഒ,.സി. (PTI)
31. വി.എസ്.എസ്,എസ്. വാർത്തകൾ
34. പരി. പാപ്പായുടെ നിയോഗം നവംബർ 2022
34. അഭിവന്ദ്യപിതാവിന്റെ നവംബർ മാസ പരിപാടികൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

Editorial

# നിത്യതയുടെ വെളിച്ചത്തിൽ ഈലോകത്ത് നമുക്കു ജീവിക്കാം

സാധാരണ കലണ്ടറിൽ ഡിസംബർ ആണ് അവസാന മാസമെങ്കിലും സഭയുടെ ആരാധനാവത്സരത്തിലെ അവസാന മാസം നവംബർ ആണ്. അതിനാൽ നവംബറിലാണ് ജീവിതത്തിന്റെ അന്ത്യത്തെ (മരണം) പ്പറ്റിയും ലോകത്തിന്റെ അന്ത്യത്തെ(പറുദീസ)പ്പറ്റിയും ആരാധനക്രമത്തിൽ നാം ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക. നവംബർ ഒന്നാം തീയതി സകല വിശുദ്ധരുടെ തിരുനാളും നവംബർ രണ്ടാം തീയതി സകല ആത്മാക്കളുടെ ഓർമ്മയാചരണവും (രണ്ടു കൂട്ടരും മരണത്തിലൂടെ സമയത്തിൽ നിന്ന് നിത്യതയിലേക്ക് കടന്നു പോയവരാണ്). ഈ വർഷം നവംബർ 20-ാം തീയതി സമയത്തിന്റെയും നിത്യതയുടെയും രാജാധിരാജനായ നമ്മുടെ കർത്താവീശോ മിശിഹായുടെ മഹോത്സവവും നാം കൊണ്ടാടുന്നു. ഒപ്പം നവംബർ മാസം മുഴുവൻ ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളെയോർത്ത് പ്രാർത്ഥിക്കാനും പരിത്യാഗം ചെയ്യാനും നീക്കിവയ്ക്കപ്പെട്ടിരിക്കുന്നു. കൂടാതെ ആരാധനാവത്സരത്തിലെ അവസാനത്തെ രണ്ടാഴ്ചകളിൽ യുഗാന്ത്യത്തെയും സ്വർഗ്ഗീയാരാധനയെയും പുതിയ ആകാശത്തെയും പുതിയ ഭൂമിയെയും (വെളി 21:11) വെളിപ്പെടുത്തുന്ന വെളിപാട് ഗ്രന്ഥത്തിൽ നിന്നാണ് ദിവ്യബലിയിൽ ഒന്നാം വായനയായി നാം വായിച്ചു കേൾക്കുക.

### മരണം എന്ന യാഥാർത്ഥ്യം

ഈലോകജീവിതത്തിന്റെ അന്ത്യമാണ് മരണമെങ്കിൽ നിത്യതയിലെ ജീവിതത്തിന്റെ തുടക്കവുമാണത്. യേശുവിന്റെ മരണംവരെ അത് ശിക്ഷയുടെ അടയാളമായിരുന്നെങ്കിൽ യേശുവിന്റെ മരണത്തിലൂടെ അത് രക്ഷയുടെയും നിത്യജീവന്റെയും അടയാളമായിത്തീർന്നു. ഈ ലോകത്തിലും ഈ ലോകജീവിതത്തിലും മാത്രം പ്രത്യാശ വയ്ക്കുന്നവർക്ക് മരണം വാതിൽ അടയ്ക്കലാണെങ്കിൽ ക്രിസ്തുവിൽ പ്രത്യാശയർപ്പിക്കുന്നവർക്ക് അത് നിത്യതയിലേക്കുള്ള വാതിൽ തുറക്കലായി മാറുന്നു. യേശുവിലൂടെ മരണം നിത്യലോകത്തിന്റെ കവാടവും നിത്യതയിലേക്കുള്ള വഴിയുമായി മാറി. യഥാർത്ഥത്തിൽ ദൈവത്തിന്റെ സ്വന്തമായ നമ്മൾ, സ്വർഗ്ഗത്തിന്റെ പൗരരായ നമ്മൾ മനുഷ്യരുടെ സ്വന്തമായി ജീവിക്കുന്ന നശ്വരമായ അവസ്ഥയിൽ നിന്ന് പൂർണ്ണമായി ദൈവത്തിന്റെ സ്വന്തമാകുന്ന അവസ്ഥയിലേക്ക്, പൂർണ്ണമായും സ്വർഗ്ഗത്തിലായിരിക്കുന്ന അവസ്ഥയിലേക്ക്, നമ്മുടെ യഥാർത്ഥ ഭവനമായ നിത്യലോകത്തിലേക്ക് കടന്നുപോകുന്നു മരണത്തിലൂടെ.

## മൂന്ന് ആഹ്വാനങ്ങൾ

നവംബർ മാസത്തിലെ ആഘോഷങ്ങളും ആചരണങ്ങളും അനുസ്മരണങ്ങളും പ്രാർത്ഥനകളും വഴി പ്രധാനമായും മൂന്ന് ആഹ്വാനങ്ങളാണ് നമുക്കു ലഭിക്കുക.

1. ഈ ലോകജീവിതത്തെ നിത്യതയുടെ വെളിച്ചത്തിൽ നാം ദർശിക്കുകയും സമീപിക്കുകയും വേണം. ഈ ലോകത്തിലെ ഒന്നും ശാശ്വതമല്ല. എല്ലാം കടന്നുപോകും. അതിനാൽ നശ്വരമായ ജീവിതത്തിലും ബന്ധങ്ങളിലും ലോകത്തിലും കുടുങ്ങിപ്പോകാതെ അനശ്വരമായ ജീവിതത്തിലേക്കും ബന്ധങ്ങളിലേക്കും ലോകത്തിലേക്കും മുന്നേറാൻ അതിനൊരുക്കമായി ദൈവത്തെയും സ്വർഗ്ഗത്തെയും നിത്യതയെയും ആധാരവും അടിസ്ഥാനവുമായി ദർശിച്ച് ചിന്തിക്കാനും പ്രവർത്തിക്കാനും പെരുമാറാനും ബന്ധപ്പെടാനും ജീവിക്കാനും നാം ശ്രദ്ധിക്കണം.
2. കൂട്ടായ്മയെ നാം പടുത്തുയർത്തണം. വ്യക്തിപരമായ ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലുമെല്ലാം നല്ല കൂട്ടായ്മ സൃഷ്ടിക്കാനും വളർത്താനും നാം ശ്രദ്ധിക്കണം. ദൈവത്തോടൊത്തും മാലാഖമാരോടൊത്തും വിശ്വാസികളോടൊത്തും മനുഷ്യവർഗ്ഗം മുഴുവനോടുമൊത്തും കൂട്ടായ്മയിൽ നാം ജീവിക്കണം. അതിന് മരണമോ വേർപാടോ നമുക്കു തടസ്സമാകരുത്. അതിനായി നാം പരിശുദ്ധാത്മാവിന്റെ നിറവിൽ ദൈവത്തോടൊത്തും സഭയോടൊത്തും ലോകം മുഴുവനോടുമൊത്തും ജീവിക്കാൻ ശ്രദ്ധിക്കണം. തിരുസഭയിലെ കൂട്ടായ്മയിൽ മൂന്നുതലങ്ങളുണ്ട്: സമരസഭയും സഹനസഭയും വിജയസഭയും അതിനെപ്പറ്റിയാണ് നവംബർമാസത്തിലെ ആഘോഷങ്ങളും, ദിവ്യബലിയിലെ പ്രാർത്ഥനകളും നമ്മെ ഓർമ്മപ്പെടുത്തുക.

1. സമരസഭ: ഈ ലോകത്തിൽ തിന്മകളുടെ ശക്തികൾക്കെതിരെ സമരം ചെയ്തു ജീവിക്കുന്ന വിശ്വാസികളുടെ കൂട്ടായ്മയാണിത്.
2. സഹനസഭ: ഈ ലോകം വിട്ട് മരണത്തിലൂടെ നിത്യതയിലേക്ക് കടന്നുപോയി പൂർണ്ണദൈവസായൂജ്യത്തിനുവേണ്ടി പൂർണ്ണസ്വർഗ്ഗാനുഭവത്തിനുവേണ്ടി ശുദ്ധികരണത്തിൽ കഴിയുന്ന ആത്മാക്കളുടെ കൂട്ടായ്മയാണത്.
3. വിജയസഭ: ലോകത്തിന്റെ മേലും ഭൂത(കഴിഞ്ഞകാലം)ത്തിന്റെ മേലും തിന്മയുടെ മേലും മരണത്തിന്റെമേലും വിജയം വരിച്ച് നിത്യതയിൽ ദൈവത്തോടും മാലാഖമാരോടും വിശുദ്ധരോടുമൊത്ത് മഹാകൂട്ടായ്മയിൽ കഴിയുന്നവരാണവർ.ഈ മൂന്നു തലങ്ങളിലും ഉള്ളവർ. വിശ്വാസികളും ആത്മാക്കളും വിശുദ്ധരും പരസ്പരം അറിഞ്ഞും ബന്ധപ്പെട്ടും കരുതിയും സ്നേഹിച്ചും ശുശ്രൂഷിച്ചും കഴിയേണ്ടവരാണ്. ഭൂമിയിൽ ജീവിക്കുന്ന നാം ശുദ്ധീകരണത്തിലെ ആത്മാക്കളെ ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും പരിത്യാഗം ചെയ്യുകയും

വേണം. ദൈവമഹത്വത്തിൽ കഴിയുന്ന വിശുദ്ധരെ നാം അനുസ്മരിക്കുകയും അനുകരിക്കുകയും അവരുടെ മദ്ധ്യസ്ഥത തേടുകയും വേണം. ദൈവത്തോടൊത്തു നിത്യം വിരാജിക്കുന്ന വിശുദ്ധർ നമ്മുടെ പ്രാർത്ഥനകേട്ട് ദൈവതിരുമുമ്പിൽ മദ്ധ്യസ്ഥം വഹിക്കുകയും ദൈവാനുഗ്രഹങ്ങൾ നമുക്കായി വാങ്ങിത്തരികയും ചെയ്യും. സഭയിലെ വിശ്വാസികളും ആത്മാക്കളും വിശുദ്ധരും തമ്മിലുള്ള ബന്ധത്തെയും സംസർഗ്ഗത്തെയും പാരസ്പര്യത്തെയുമാണ് പുണ്യവാന്മാരുടെ ഐക്യം എന്നു നാം പറയുക. അങ്ങനെ മരണത്തിലൂടെ നമ്മുടെ ബന്ധങ്ങൾ അറ്റുപോകുന്നില്ല. മരിച്ചുയർത്ത് ഇന്നും ജീവിക്കുന്ന ക്രിസ്തുവിലൂടെ നമുക്ക് എല്ലാവരുമായി ബന്ധപ്പെടാനും ബന്ധത്തിലായിരിക്കാനും സാധിക്കുന്നു. ഏറ്റം വലിയ കൂട്ടായ്മാനുഭവമായ ദിവ്യബലിയിലൂടെ ഈ പുണ്യവാന്മാരുടെ ഐക്യം നാം അനുഭവിക്കുന്നു, അനുസ്മരിക്കുന്നു.

3. ശുശ്രൂഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വിശുദ്ധിയിൽ നാം വളരണം. ദൈവത്തോടുള്ള അടുപ്പത്തെയാണ് വിശുദ്ധി എന്ന് പറയുക. മരിച്ചുപോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും വിശുദ്ധരുടെ മദ്ധ്യസ്ഥം തേടുന്നതും അവരുടെ നല്ല മാതൃക അനുകരിക്കുന്നതുമെല്ലാം വിശുദ്ധിയുടെ വഴികളാണ്. നവംബർ മാസത്തിൽ പ്രത്യേകിച്ചും മരിച്ചുപോയവരുടെ വിടുതലിനും വിമോചനത്തിനും നിത്യസൗഭാഗ്യത്തിനും വേണ്ടി പ്രാർത്ഥിക്കാനും പരിഹാരം ചെയ്യാനും നാം ശ്രദ്ധിക്കുന്നു. ഒരാൾ മരിച്ചു കഴിഞ്ഞതിനുശേഷം മാത്രമല്ല അവർ ജീവിച്ചിരിക്കുമ്പോഴേ അവർക്കുവേണ്ട ശുശ്രൂഷകൾ ചെയ്യാൻ നാം ശ്രദ്ധിക്കണം. മരിച്ചുകഴിഞ്ഞ് പൂക്കളും പൂച്ചെണ്ടുകളും നൽകാൻ ശ്രദ്ധിക്കുന്ന നമ്മൾ അവർ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ഒരു പൂവെങ്കിലും കൊടുക്കാൻ തയ്യാറായിട്ടുണ്ടോ? മരിച്ചുകഴിഞ്ഞ ഒരുവന്റെ ഗുണവിശേഷങ്ങൾ എടുത്തുപറഞ്ഞ് അനുശോചിക്കുന്ന നാം അവർ ജീവിച്ചിരുന്നപ്പോൾ അവരുടെ ദോഷങ്ങളും കുറവുകളും കാണാനും പറയാനുമല്ലേ ശ്രദ്ധിച്ചിട്ടുള്ളത്. മരിച്ചു കഴിഞ്ഞ് അവരുടെ അടക്കത്തിനും അടിയന്തിരത്തിനുമായി കണക്കില്ലാതെ പണം ചെലവഴിക്കാൻ തയ്യാറാകുന്ന നാം അവർ ജീവിച്ചിരുന്നപ്പോൾ കണക്കുപറഞ്ഞും പിശുക്കു കാണിച്ചും അവരെ വിഷമിപ്പിച്ചിട്ടില്ലേ?

നവംബർ മാസത്തിൽ നമുക്ക് നിത്യതയുടെ വെളിച്ചത്തിൽ ഈ ലോകജീവിതം കരുപിടിപ്പിക്കാൻ ശ്രദ്ധിക്കാം. മരിച്ചുപോയവരെ ഓർത്ത് അവർക്കുവേണ്ടി പ്രാർത്ഥിക്കാം. വിശുദ്ധരെ അനുസ്മരിച്ച് അവരെ അനുകരിച്ച് വിശുദ്ധിയിൽ വളരാൻ ശ്രദ്ധിക്കാം. ദൈവേഷ്ടം നിറവേറ്റിയുള്ള ജീവിതത്തിലൂടെയും ശുശ്രൂഷകളിലൂടെയും നമ്മുടെ നശ്വരലോകത്തെ അനശ്വരദൈവരാജ്യമായി പരിവർത്തനപ്പെടുത്താം.

**പത്രാധിപർ**

# രൂപതാ കാര്യാലയത്തിൽ നിന്ന്

## APPOINTMENTS AND TRANSFERS

1. **Rev. Fr. Joseph Tharayil** is appointed as the Director of the Vigilance Commission
2. **Rev. Fr. Thomas Pazhuvakattil** is appointed as the Director of the Prison Ministry

## ലോഗോസ് ക്വിസ് 2022 വിജയികൾ

**ഗ്രൂപ്പ് എ**

1. ജോഫിറ്റ മുള്ളൂർ, ശാന്തൻപാറ
2. ആഷേർ ജോൺ, തെള്ളകം
3. അലീന ടെൽബി, ശാന്തൻപാറ

**ഗ്രൂപ്പ് ബി**

1. സാന്റോ ആന്റൺ, കട്ടപ്പന
2. ജെറിൻ ബി ഫിലിപ്പ്, റാന്നി
3. അന്ന മരിയ ജോജി, മണ്ണയ്ക്കനാട്

**ഗ്രൂപ്പ് സി**

1. ഇഫ്ന ഐസക്ക്, കട്ടപ്പന
2. ആഗ്നസ് മനോജ്, പാമ്പനാർ
3. ജിൻസി ബെന്നി, പയസ്നഗർ

**ഗ്രൂപ്പ് ഡി**

1. സാം രാജ്, ശാന്തൻപാറ
2. റീന ആന്റൺ, കട്ടപ്പന
3. സി. മോൺസി പയസ്നഗർ

**ഗ്രൂപ്പ് ഇ**

1. മോളി മാത്യു, കോട്ടയം
2. സി. ഹെലെന എഫ്.എം.സി., അയർക്കുന്നം
3. ഗ്രേസിക്കുട്ടി ആന്റണി, മുണ്ടക്കയം.

**ഗ്രൂപ്പ് എഫ്**

1. ബ്രിജിറ്റ് ജോസഫ്, പെരുമ്പാവൂർ
2. വിന്നി കാർമ്മൽ പെരുമ്പാവൂർ
3. അമ്മിണിക്കുട്ടി ജോൺ, കോട്ടയം

**തമിഴ്**

1. സി. സ്റ്റെഫി ശാന്തൻപാറ
2. സി. വിജോദിനി, ശാന്തൻപാറ
3. സി. കൊച്ചുത്രേസ്യാ ലിസി, മറയൂർ

**ഫമിലിയ ക്വിസ്: പട്ടിത്താനം**

1. പി.കെ. മരിയ അലോഷ്യസ്, പൊള്ളയിൽ
2. ആനി അലോഷ്യസ്
3. അന്ന മരിയ അലോഷ്യസ്

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2022 ലോകപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

**"നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" (അപ്പ 1:8)**

പ്രിയ സഹോദരീസഹോദരന്മാരേ,

"എന്നാൽ പരിശുദ്ധാത്മാവിൽനിന്ന് നിങ്ങളുടെമേൽ വരുന്ന ശക്തി നിങ്ങൾ സ്വീകരിക്കും. അപ്പോൾ ജറുസലേമിലും യൂദയാമുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തിയോളവും നിങ്ങൾ എന്റെ സാക്ഷികളായിരിക്കും." ഉയിർത്തെഴുന്നേറ്റ യേശു തന്റെ സ്വർഗാരോഹണത്തിനുമുമ്പ് തന്റെ ശിഷ്യരോട് പറഞ്ഞ വചനമായി നാം ഇത് അപ്പസ്തോലപ്രവർത്തനങ്ങളിൽ വായിക്കുന്നു. (അപ്പ 1:8). ഇതുതന്നെയാണ് 2022-ലെ ലോകപ്രേഷിതദിനത്തിലെ വിഷയം. സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണെന്ന് ഇത് സൂചിപ്പിക്കുന്നു. സഭയുടെ ജീവിതത്തിലും ദൗത്യത്തിലും ഉണ്ടായിട്ടുള്ള ചില പ്രധാനപ്പെട്ട സംഭവങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് ഈ വർഷത്തെ ലോകപ്രേഷിതദിനം: (i) ഇപ്പോൾ ജനതകളുടെ സുവിശേഷവൽക്കരണത്തിനുള്ള തിരുസംഘം എന്നറിയപ്പെടുന്ന ദെ പ്രൊപ്പഗാന്ത ഫീദേ (*De Propaganda Fide*) എന്ന തിരുസംഘം സ്ഥാപിച്ചതിന്റെ നാനൂറാം വർഷം; (ii) വിശ്വാസപ്രചാരണത്തിനായുള്ള സംഘത്തിന്റെ (Society of the Propagation of the Faith) ആരംഭത്തിന്റെ രണ്ടാം നൂറ്റാണ്ട്. നൂറു വർഷംമുമ്പ് ഇപ്പറഞ്ഞ വിശ്വാസപ്രചാരണത്തിനായുള്ള സംഘവും അതിനോടൊപ്പം തിരുബാലസഖ്യവും (Society of the Holy Childhood) വിശുദ്ധ പത്രോസ് അപ്പോസ്തലന്റെ സംഘവും (Society of Saint Peter the Apostle) "പൊന്തിഫിക്കൽ" എന്ന സ്ഥാനം നേടുകയുണ്ടായി.

മേൽപറഞ്ഞ വചനഭാഗത്തിന്റെ അടിസ്ഥാനത്തിൽ, ഓരോ ശിഷ്യന്റെയും ജീവിതത്തിനും ദൗത്യത്തിനും അടിസ്ഥാനമായിനിൽക്കുന്ന മൂന്നു താക്കോൽ വാക്യങ്ങളെക്കുറിച്ച് നമുക്കു പരിചിന്തനം ചെയ്യാം. "നിങ്ങൾ എന്റെ സാക്ഷികളായിരിക്കും", "ഭൂമിയുടെ അതിർത്തികൾ വരെ", പരിശുദ്ധാത്മാവിന്റെ ശക്തി നിങ്ങൾക്കു ലഭിക്കും" എന്നീ ശകലങ്ങളെക്കുറിച്ച് നമുക്കു ധ്യാനിക്കാം.

1. "നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" - ക്രിസ്തുവിനു സാക്ഷ്യം നൽകാനുള്ള ഓരോ ക്രിസ്ത്യാനിയുടെയും വിളി

ശിഷ്യരെ ലോകത്തിലേക്കു അയക്കുക എന്നതാണ് യേശുവിന്റെ പ്രബോധനത്തിന്റെ കാതൽ. അവർ എവിടെ പോയാലും, എവിടെ ആയിരുന്നാലും, തങ്ങൾ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ ശിഷ്യർ യേശുവിനു സാക്ഷികളായിരിക്കും. പിതാവിന്റെ പ്രേഷിതൻ എന്ന നിലയിൽ (യോഹ 20:21 കാണുക) യേശുവായിരുന്നു ആദ്യം അയക്കപ്പെട്ടത്; യേശുവാണ് പിതാവിന്റെ "വിശ്വസ്തസാക്ഷി" (വെളി

1:5 കാണുക). അതുപോലെ, ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ പ്രേഷിതനും സാക്ഷിയും ആകാൻ വിളിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ ശിഷ്യരുടെ സമൂഹമായ സഭയ്ക്ക് ലോകംമുഴുവനും സുവിശേഷം എത്തിച്ചുകൊണ്ട് ക്രിസ്തുവിനു സാക്ഷ്യംവഹിക്കുക എന്നതിലുപരി മറ്റൊരു ദൗത്യമില്ല. സഭയുടെ സ്വത്വംതന്നെ സുവിശേഷപ്രഘോഷണം എന്നതാണ്.

"നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" എന്ന വചനത്തിന്റെ അൽപം ആഴത്തിലുള്ള വിചിന്തനം ക്രിസ്തുവിന്റെ അനുയായികൾക്ക് എല്പിച്ചുകൊടുത്തിരിക്കുന്ന ദൗത്യത്തിന്റെ കാലികമായ ചില അംശങ്ങളിലേക്കു പ്രവേശിക്കാൻ നമ്മെ സഹായിക്കും. ഇതിലെ ബഹുവചനരൂപത്തിലുള്ള ക്രിയാപദം ശിഷ്യരുടെ പ്രേഷിതദൗത്യത്തിന്റെ സാമൂഹ്യവും സഭാപരവുമായ ലക്ഷണത്തിനു ഊന്നൽ നൽകുന്നു. സഭയിലും സഭയുടെ നിർദ്ദേശത്താലും, ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ ആളും പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. ആകയാൽ, എല്ലാവരും ഒരുമിച്ചാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്; ഓരോരുത്തരും താന്താങ്ങളുടെ രീതിയിലല്ല; അത് സഭാസമൂഹവുമായുള്ള കൂട്ടയ്മയിലാണ് ചെയ്യുന്നത്; ഒരു വ്യക്തിയുടെ സ്വന്തം താത്പര്യത്താലല്ല. ചില പ്രത്യേക സാഹചര്യത്തിൽ ഒരു വ്യക്തി സ്വന്തം താത്പര്യത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തിപരമായി ഈ ദൗത്യം ചെയ്യുമ്പോൾത്തന്നെയും, അയാൾ എപ്പോഴും സഭയുമായുള്ള കൂട്ടായ്മയിൽ ആയിരിക്കണം അത് ചെയ്യേണ്ടത്. കാരണം, സഭയാണ് അയാളെ അത് ഭരമേല്പിച്ചത്. എനിക്ക് ഏറ്റവും പ്രിയപ്പെട്ടതായ "സുവിശേഷപ്രഘോഷണം" (Evangelii Nuntiandi) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിശുദ്ധ പോൾ ആറാമൻ ഇപ്രകാരം പഠിപ്പിച്ചു: "സുവിശേഷ പ്രഘോഷണം എന്നത് വ്യക്തിപരവും ഒറ്റപ്പെട്ടതുമായ ഒരു പ്രവൃത്തിയല്ല; അത് അതീവ സഭാത്മകമാണ്. ഏറെ അജ്ഞാതനായ ഒരു സുവിശേഷപ്രഘോഷകൻ, അത് ഒരു ഉപദേശിയോ അജപാലകനോ ആയിക്കൊള്ളട്ടെ, ഒരു വിദൂരദേശത്ത് സുവിശേഷം പ്രഘോഷിക്കുമ്പോൾ, അങ്ങനെ തന്റെ ചെറിയ സമൂഹത്തെ ഒരുമിച്ചുകൂട്ടുമ്പോൾ, ഒരു കൂദാശ നല്കുമ്പോൾ, അയാൾ ഒറ്റയ്ക്കാണെങ്കിലും, ഒരു സഭാത്മക പ്രവൃത്തിയാണ് ചെയ്യുന്നത്; അയാളുടെ പ്രവൃത്തി, സ്ഥാപനസംബന്ധമായ ബന്ധത്താൽ സഭമുഴുവന്റെയും സുവിശേഷപ്രഘോഷണ പ്രക്രിയയുമായി നിശ്ചയമായും ബന്ധപ്പെട്ടിരിക്കുന്നു. എന്നുമാത്രമല്ല, കൃപാവരത്തിന്റെ ക്രമംവഴിയായി അദൃശ്യമാംവിധം സഭയുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. അതായത്, തനിക്കുമാത്രം ലഭിച്ചിരിക്കുന്ന ഒരു ദൗത്യത്താലോ വ്യക്തിപരമായ ഒരു പ്രചോദനത്താലോ അല്ല അയാൾ പ്രവർത്തിക്കുന്നത്" (ഖ. 60). കർത്താവായ യേശു രണ്ടുപേരെവീതം പ്രേഷിതദൗത്യവുമായി പറഞ്ഞയച്ചത് അവിചാരിതമായിട്ടായിരുന്നില്ല; ക്രിസ്ത്യാനികൾ ക്രിസ്തുവിനു സാക്ഷ്യം

വഹിക്കുന്നത് മുഖ്യമായും സാമൂഹ്യമായ വിധത്തിലാണ്. ആകയാൽ, പ്രേഷിതദൗത്യം നിർവഹിക്കുന്നതിൽ ഒരു സഭാസമൂഹത്തിന്റെ സാന്നിദ്ധ്യം, അതിന്റെ അംഗസംഖ്യ എത്ര വലുതായാലും ചെറുതായാലും, അടിസ്ഥാനപ്രാധാന്യം അർഹിക്കുന്നതാണ്.

അതിലുപരി, ശിഷ്യർ തങ്ങളുടെ വ്യക്തിപരമായ ജീവിതം ഒരു പ്രേഷിതദൗത്യചൈതന്യത്തിൽ ജീവിക്കാൻ ആഹ്വാനം ചെയ്യപ്പെടുന്നു. യേശു അവരെ ലോകത്തിലേക്കു അയക്കുന്നത് ഒരു പ്രവൃത്തി നിർവഹിക്കാനല്ല, പ്രത്യുത തങ്ങളെ ഭരമേൽപ്പിച്ച ദൗത്യം ജീവിക്കാനത്രേ; അവർ സാക്ഷ്യം നല്കാനല്ല, സാക്ഷികളാകാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. പൗലോസ് അപ്പോസ്തലന്റെ ഹൃദയസ്പർശിയായ വാക്കുകളിൽ, "യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷമാകുന്നതിന് അവിടത്തെ മരണം ഞങ്ങൾ എല്ലായ്പോഴും ശരീരത്തിൽ സംവഹിക്കുന്നു" (2 കോറി 4:10). പ്രേഷിതദൗത്യത്തിന്റെ അന്തഃസത്ത ക്രിസ്തുവിനു സാക്ഷ്യംവഹിക്കുക എന്നതാണ്. അതായത്, പിതാവിനോടും മാനവരാശിയോടുമുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിലുള്ള അവിടത്തെ പീഡാനുഭവത്തിനും, മരണത്തിനും, ഉയിർപ്പിനുമുള്ള സാക്ഷ്യം.

തങ്ങളെപ്പോലെ കർത്താവിന്റെ ഉയിർപ്പിനു സാക്ഷ്യംനല്കാൻ കഴിയുന്ന ഒരാൾതന്നെ യൂദാസിനു പകരമായി വരണമെന്നു (അപ്പ 1:21 കാണുക) അപ്പോസ്തലന്മാർ നിർബന്ധിച്ചത് അവിചാരിതമായിട്ടായിരുന്നില്ല. മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനാണ് നാം സാക്ഷ്യം നല്കേണ്ടത്; അവിടത്തെ ജീവനിലാണ് നാം പങ്കുചേരേണ്ടതും. തങ്ങളെത്തന്നെ പകർന്നുകൊടുക്കാനോ, തങ്ങളുടെ അനുനയനശക്തിയും ഭരണനിർവഹണകഴിവുകളും പ്രദർശിപ്പിക്കാനോ അല്ല ക്രിസ്തുവിന്റെ പ്രേഷിതർ അയക്കപ്പെടുന്നത്. വാക്കിലും പ്രവൃത്തിയിലും ക്രിസ്തുവിനെ അവതരിപ്പിക്കുക എന്നതാണ് അവരുടെ ഉന്നത ബഹുമതി. അതായത്, ആദ്യ അപ്പോസ്തലന്മാർ ചെയ്തതുപോല ആനന്ദത്തോടും ധൈര്യത്തോടും എല്ലാവരോടും അവിടത്തെ രക്ഷയുടെ സദ്വാർത്ത പ്രഘോഷിക്കുക എന്നത്.

ആത്യന്തികമായി യഥാർത്ഥസാക്ഷ്യം എന്നു പറയുന്നത് "രക്തസാക്ഷിത്വമാണ്." അതായത്, ക്രിസ്തുവിനുവേണ്ടി അവന്റെയോ അവളുടെയോ ജീവൻ നല്കുക എന്നത്; അവിടന്ന് സ്വന്തംജീവൻ നമുക്കുവേണ്ടി ദാനമായി നല്കിയതിനു പകരമായി നമ്മുടെ ജീവൻ നല്കുക എന്നത്. "യേശുവിൽ നിന്നു നമുക്കു ലഭിച്ച സ്നേഹമാണ് സുവിശേഷപ്രഘോഷണത്തിന്റെ പ്രഥമ കാരണം; നമുക്കു ലഭിച്ച രക്ഷയുടെ അനുഭവം അവിടത്തെ കൂടുതൽ സ്നേഹിക്കാൻ നമ്മെ പ്രചോദിപ്പിക്കുന്നു" (സുവിശേഷത്തിന്റെ സന്തോഷം, ഖ. 264).

ക്രൈസ്തവ സാക്ഷ്യത്തെക്കുറിച്ച് പറയുമ്പോൾ വിശുദ്ധ പോൾ ആറാമന്റെ നിരീക്ഷണം എക്കാലത്തും സാധുവായി നില്ക്കുന്നു:

''ആധുനിക മനുഷ്യർ അധ്യാപകർക്കുപരി സാക്ഷികളെയാണ് കേൾക്കാനിഷ്ടപ്പെടുന്നത്; അവർ അധ്യാപകരെ കേൾക്കുന്നെങ്കിൽ അവർ സാക്ഷികളായിതിനാലാണ്' (സുവിശേഷപ്രഘോഷണം, ഖ. 41). അക്കാരണത്താൽ ആധികാരിക തയുള്ള ഒരു ക്രിസ്തീയ ജീവിത സാക്ഷ്യം വിശ്വാസകൈമാറ്റത്തിനു അടിസ്ഥാനപരമായി നില്ക്കുന്ന ഒന്നാണ്. അതേസമയം, ക്രിസ്തുവിന്റെ വ്യക്തിത്വത്തെയും സന്ദേശത്തെയും പ്രഘോഷിക്കുക എന്നതും തുല്ല്യപ്രാധാന്യം അർഹിക്കുന്നു. പോൾ ആറാമൻ തുടർന്നു പറയുന്നു: "പ്രഘോഷണം, വചനത്തിലധിഷ്ഠിതമായ സന്ദേശത്തിന്റെ പ്രഖ്യാപനം, എപ്പോഴും അനിവാര്യമാണ്... വചനം എപ്പോഴും പ്രസക്തമായി നില്ക്കുന്നു, എന്തെന്നാൽ അത് ദൈവികശക്തി സംവഹിക്കുന്നു. അതിനാലാണ്, 'വിശ്വാസം കേൾക്കപ്പെടുന്നതിലൂടെയാണ്' (റോമ 10:17) വരുന്നതെന്ന് വിശുദ്ധ പൗലോസിന്റെ തത്വത്തിനു പ്രസക്തിയുള്ളത്: കേൾക്കപ്പെടുന്ന വചനമാണ് വിശ്വാസത്തിലേക്കു നയിക്കുന്നത്" (സുവിശേപ്രഘോഷണം, ഖ. 42).

ആകയാൽ, സുവിശേഷവൽക്കരണത്തിൽ, ക്രിസ്തീയ ജീവിത മാതൃകയും ക്രിസ്തുവിനെക്കുറിച്ചുള്ള പ്രഘോഷണവും അവിഭാജ്യ ഘടകങ്ങളാണ്. ഒന്ന് മറ്റൊന്നിന് ഉപകരിക്കുന്നു. പ്രേഷിത ഭാവമുള്ള തായിരിക്കുന്ന ഒരു സമൂഹം ഈ രണ്ടു ശ്വാസകോശങ്ങളിലൂടെയാണ് ശ്വസിക്കേണ്ടത്. മൂന്നാം സഹസ്രാബ്ദത്തിൽ സഭയുടെ വളർച്ചയ്ക്കു കാരണമാകുന്ന ശക്തി ക്രിസ്തുവിനു നൽകുന്ന പൂർണവും പൊരുത്ത മുള്ളതും സന്തോഷകരവുമായ സാക്ഷ്യമായിരിക്കും. ജീവിതത്തിന്റെ എല്ലാ തുറകളിലും - വാക്കിലും പ്രവൃത്തിയിലും - ക്രിസ്തുവിനു സാക്ഷ്യം നല്കാനായി എല്ലാവരും ആദിമ ക്രൈസ്തവരുടെ സ്ഥൈര്യവും തുറവും ധൈര്യവും (*parrhesia*) ആർജ്ജിക്കാൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

2. "ഭൂമിയുടെ അതിർത്തിയോളം"- സാർവത്രിക സുവിശേഷവൽകരണ ദൗത്യത്തിന്റെ ശാശ്വത പ്രസക്തി"ജറുസലേമിലും യൂദയാമുഴുവ നിലും സമരിയായിലും ഭൂമിയുടെ അതിർത്തിയോളവും" (അപ്പ 1:8) അവർ തനിക്കു സാക്ഷികളായി അയക്കപ്പെടുന്നു എന്നാണ് ഉത്ഥിത നായ നാഥൻ തന്റെ ശിഷ്യരോട് പറയുന്നത്. ശിഷ്യരുടെ ദൗത്യത്തിന്റെ സാർവ്വത്രിക ഭാവമാണ് നാം ഇവിടെ വ്യക്തമായി കാണുന്നത്. "കേന്ദ്രപരാങ്മുഖമായ" (centrifugal) ഒരു ഭൂമിശാസ്ത്രപര വികാ സവും നാം കാണുന്നു; ഏകകേന്ദ്രഭാവമുള്ള വൃത്തപരിധി എന്ന വിധത്തിലാണ് ഈ ദൗത്യം വിഭാവനം ചെയ്യപ്പെടുന്നത്. അതായത്, യഹൂദപാരമ്പര്യം ലോകത്തിന്റെ കേന്ദ്രമെന്നു കരുതിയിരുന്ന ജറുസ ലേമിൽതുടങ്ങി, ചുറ്റുമുള്ള യൂദയായിലേക്ക് നീങ്ങി, തുടർന്നു സമരി യായിലേക്കും അങ്ങനെ "ഭൂമിയുടെ അതിർത്തിയോളം." സത്യത്തിൽ, മതപരിവർത്തനം ചെയ്യാനല്ല ശിഷ്യർ അയക്കപ്പെടുന്നത്, പ്രത്യുത

പ്രഘോഷിക്കാനാണ്; ക്രൈസ്തവർ മതപരിവർത്തനം നടത്തുന്നില്ല. ഈ തരത്തിലുള്ള പ്രേഷിതവികാസത്തെക്കുറിച്ച് അപ്പസ്തോലപ്രവർത്തനങ്ങൾ പറയുന്നു. തന്റെ സവിശേഷമായ സാഹചര്യങ്ങളിൽ ദൈവിക പരിപാലനയാൽ നിയന്ത്രിക്കപ്പെട്ട്, കർത്താവായ ക്രിസ്തുവിനു സാക്ഷ്യംവഹിക്കുക എന്ന തന്റെ വിളിയോട് വിശ്വസ്തത പുലർത്തിക്കൊണ്ട് മുന്നിട്ടിറങ്ങുന്ന സഭയുടെ ശ്രദ്ധേയമായ ചിത്രം അപ്പസ്തോലപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു. ജറുസലേമിൽ പീഡിപ്പിക്കപ്പെട്ടതിനാൽ യുദയാ മുഴുവനിലും സമരിയയിലും ചിതറിക്കപ്പെട്ട ആദിമ ക്രൈസ്തവർ എല്ലായിടത്തും യേശുവിന് സാക്ഷ്യം നല്കി (അപ്പ 8: 1, 4 കാണുക).

അതിനു സമാനമായത് നമ്മുടെ ഈ നാളുകളിലും നടക്കുന്നു. മതപീഡനത്താലും യുദ്ധത്തിന്റെയും അക്രമത്തിന്റെയും കാരണങ്ങളാലും ഒരുപാട് ക്രൈസ്തവർ ഞങ്ങളുടെ സ്വന്തംനാടുകളിൽനിന്നു അന്യരാജ്യങ്ങളിലേക്കു പലായനം ചെയ്യാൻ നിർബന്ധിതരാകുന്നു. എന്നാൽ, തങ്ങളുടെ സഹനത്തിന്റേതായ തടവറകളിൽ സ്വയംഅടയ്ക്കപ്പെടാതെ തങ്ങളെ സ്വീകരിക്കുന്ന രാജ്യങ്ങളിൽ ക്രിസ്തുവിനും ദൈവസ്നേഹത്തിനും സാക്ഷ്യം വഹിക്കുന്ന ഈ സഹോദരീസഹോദരന്മാരോട് നാം കൃതജ്ഞതാഭരിതരാണ്. ആകയാൽ, "തങ്ങളെ സ്വീകരിക്കുന്ന രാജ്യങ്ങളിൽ കുടിയേറ്റക്കാർ ചെയ്യേണ്ട ഈ ഉത്തരവാദിത്വം" ഏറ്റെടുക്കാൻ വിശുദ്ധ പോൾ ആറാമൻ അവരെ പ്രോത്സാഹിപ്പിക്കുകയുണ്ടായി (സുവിശേഷ പ്രഘോഷണം ഖ. 21). വിവിധ രാഷ്ട്രങ്ങളിൽനിന്നുള്ള വിശ്വാസികളുടെ സാന്നിദ്ധ്യം എപ്രകാരം ഇടവകകളുടെ മുഖകാന്തി വർദ്ധിപ്പിക്കുന്നതും അവയെ കൂടുതൽ സാർവത്രികവും കൂടുതൽ കാതോലികവും ആക്കിതീർക്കുന്നതുമായ യഥാർത്ഥ്യം നാം വർദ്ധിതമാംവിധം കണ്ടുവരുന്നു. ആയതിനാൽ, കുടിയേറ്റക്കാരുടെ അജപാലനം വളരെ പ്രധാനപ്പെട്ട ഒരു പ്രേഷിതപ്രവർത്തനമായി വിലമതിക്കപ്പെടേണ്ടതാണ്; അത് തദ്ദേശ വിശ്വാസികളെ തങ്ങൾ സ്വീകരിച്ച ക്രിസ്തീയ വിശ്വാസത്തിന്റെ സന്തോഷം വീണ്ടും കണ്ടെത്താൻ സഹായിക്കുന്നതുമായി ഭവിക്കും.

"ഭൂമിയുടെ അതിർത്തിയോളം" എന്ന പ്രയോഗം എക്കാലത്തുമുള്ള യേശുശിഷ്യരെ വെല്ലുവിളിക്കുകയും അവരെ അവിടത്തേക്കു സാക്ഷ്യംനല്കാൻ തങ്ങൾക്കു പരിചിതമായ സ്ഥലങ്ങളിൽനിന്നു പുറത്തേക്കു പോകാൻ പ്രേരിപ്പിക്കുകയും ചെയ്യണം. ആധുനിക യാത്രാസൗകര്യങ്ങൾ വളരെ വിപുലമായുണ്ടെങ്കിലും ഭൂമിയുടെ പലയിടങ്ങളിലും ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള സദ്വാർത്തയുടെ പ്രേഷിത സാക്ഷ്യം നടന്നിട്ടില്ല എന്ന യഥാർത്ഥ്യം ശിഷ്യരുടെ പ്രേഷിത ദൗത്യത്തിന്റെ ഭാഗമല്ലാതാകുന്നില്ല. ക്രിസ്തുവിന്റെ സഭ ഭൂമിശാസ്ത്രപരവും, സാമൂഹ്യവും, അസ്തിത്വാത്മകവുമായുള്ള പുതിയ ചക്രവാളങ്ങളിലേക്കും പാർശവൽക്കരിക്കപ്പെട്ട സ്ഥലങ്ങളിലേക്കും മാനുഷീക സാഹചര്യങ്ങളിലേക്കും ഇനിയും "ഇറങ്ങിച്ചെല്ലുന്നത്" തുടരും. അത്

എല്ലാ ജനതകളിലെയും സംസ്ക്കാരങ്ങളിലെയും സാമൂഹ്യക്രമങ്ങളിലെയും സ്ത്രീപുരുഷന്മാർക്ക് ക്രിസ്തുവിനെയും അവിടത്തെ സ്നേഹത്തെയുംകുറിച്ചുള്ള സാക്ഷ്യം നല്കാനാണ്. ഈ അർഥത്തിൽ, രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിച്ചതുപോലെ പ്രേഷിതദൗത്യം എപ്പോഴും ജനതകളോടുള്ള ദൗത്യമാണ് (*missio ad gentes*). ക്രിസ്തുവിന്റെ സ്നേഹത്തിനു സാക്ഷ്യം നല്കാൻ സഭ തന്റെ പരിധികൾക്കപ്പുറം നിരന്തരം മുന്നോട്ട് ശ്രമിച്ചു കൊണ്ടിരിക്കണം. തങ്ങൾ കണ്ടുമുട്ടിയ എല്ലാ സഹോദരിസഹോദരന്മാർക്കുംമുമ്പിൽ ക്രിസ്തുസ്നേഹം അവതരിപ്പിക്കാനായി മുന്നോട്ട് ശ്രമിച്ചുകൊണ്ട് തങ്ങളുടെ ജീവിതം സമർപ്പിച്ച അനവധി പ്രേഷിതരെ അനുസ്മരിക്കാനും അവരെപ്രതി കൃതജ്ഞത അർപ്പിക്കാനും ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു.

3. പരിശുദ്ധാത്മാവിൽനിന്ന്, "നിങ്ങൾക്കു ശക്തി ലഭിക്കും." - നമുക്കു എപ്പോഴും ആത്മാവിനാൽ ശക്തി പ്രാപിക്കുകയും നയിക്കപ്പെടുകയും ചെയ്യാം.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യരെ തന്റെ സാക്ഷികളായി നിയോഗിച്ചപ്പോൾ, ഈ വലിയ ഉത്തരവാദിത്വം നിറവേറ്റാനുള്ള കൃപാവരവം അവർക്കു വാഗ്ദാനം ചെയ്തു: "പരിശുദ്ധാത്മാവിൽനിന്ന് നിങ്ങളുടെമേൽ വരുന്ന ശക്തി നിങ്ങൾ സ്വീകരിക്കും; നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" (അപ്പ 1:8). അപ്പസ്തോലപ്രവർത്തനത്തിന്റെ വിവരണമനുസരിച്ച്, ശിഷ്യരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നതിനുശേഷം തന്നെയാണ് ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യസാക്ഷ്യം നടന്നത്. ജറുസലേം നിവാസികളുടെ മുമ്പിൽ വിശുദ്ധ പത്രോസ് നടത്തിയ ആദ്യത്തെ പ്രേഷിതപ്രസംഗം, അഥവാ സുവിശേഷ സന്ദേശ പ്രഘോഷണം, ലോകത്തെ സുവിശേഷവൽക്കരിച്ചുകൊണ്ട് തന്നെ പിന്തുടർന്നുവന്ന എല്ലാ ശിഷ്യരുടെയും പ്രവർത്തനത്തിന്റെ ഉദ്ഘാടനമായിരുന്നു. മുമ്പ് ബലഹീനരും ഭയചകിതരും തങ്ങളിൽത്തന്നെ ഒതുങ്ങിയിരുന്നവരുമായ അവർക്ക് എല്ലാവരുടെയും മുമ്പിൽ ക്രിസ്തുവിനു സാക്ഷ്യംനല്കാനുള്ള ശക്തിയും ധൈര്യവും ജ്ഞാനവും പരിശുദ്ധാത്മാവ് നല്കി.

"'യേശു കർത്താവാണ്' എന്നു പരിശുദ്ധാത്മാവിലല്ലാതെ ആർക്കും പറയുക സാധ്യമല്ലാത്തതു"(1 കൊറി 12:3) പോലെ, പരിശുദ്ധാത്മാവിന്റെ പ്രചോദനവും സഹായം കൂടാതെ ക്രിസ്തുവിനു പൂർണവും ആധികാരികവുമായ വിധത്തിൽ സാക്ഷ്യംവഹിക്കാൻ ഒരു ക്രിസ്ത്യാനിക്കും സാധിക്കില്ല. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന്റെ പ്രാധാന്യം ക്രിസ്തുവിന്റെ എല്ലാ പ്രേഷിതശിഷ്യരും തിരിച്ചറിയേണ്ടതുണ്ട്. അവർ ആത്മാവിന്റെ സവിധേ എല്ലാ ദിവസവും നില്ക്കുകയും അവിടത്തെ നിരന്തര ശക്തിയും മാർഗനിർദ്ദേശവും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. നമ്മൾ ക്ഷീണിതരും നിരുത്സാഹികളും ആശയകുഴപ്പത്തി

ലായവരും ആകുമ്പോഴാണ് പ്രാർത്ഥനയിലൂടെ ആത്മാവിനെ സ്വീകരിക്കേണ്ടത്. പ്രേഷിതപ്രവർത്തന ജീവിതശൈലിയിൽ പ്രാർത്ഥനയ്ക്ക് അടിസ്ഥാനപരമായ ഒരു ഭാഗമുണ്ട് എന്ന കാര്യം ഞാൻ ഊന്നിപ്പറയട്ടെ. കാരണം, അത് നമ്മെ ഉന്മേഷഭരിതരും ആത്മാവിൽ ബലപ്പെട്ടവരും ആക്കിത്തീർക്കും; എന്തെന്നാൽ, ക്രിസ്തുവിന്റെ ജീവിതം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിലുള്ള നവീകൃത ചൈതന്യത്തിന്റെയും സന്തോഷത്തിന്റെയും അക്ഷയമായ ദൈവിക സ്രോതസ്സാണ് പരിശുദ്ധാത്മാവ്. "ആത്മാവിന്റെ സന്തോഷം സ്വീകരിക്കുക എന്നത് കൃപാവരമാണ്. മാത്രമല്ല, സുവിശേഷം പ്രസംഗിക്കാനും, കർത്താവിലുള്ള വിശ്വാസം ഏറ്റുപറയാനും നമ്മെ പ്രാപ്തരാക്കുന്ന ഏകശക്തി അതാണ്" (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾക്കുള്ള സന്ദേശം, മേയ് 21, 2020). ആകയാൽ, ആത്മാവാണ് പ്രേഷിത പ്രവർത്തനത്തിലെ മുഖ്യകഥാപാത്രം. ആത്മാവാണ് ശരിയായ രീതിയിൽ, ശരിയായ സമയത്ത് ശരിയായ വാക്ക് നല്കുന്നത്.

ആത്മാവിന്റെ ഈ പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിലാണ് 2022-ൽ ആഘോഷിക്കപ്പെടേണ്ട മിഷനറി വാർഷികങ്ങളെകുറിച്ച് പര്യാലോചിക്കേണ്ടത്. പുതിയ ഭൂപ്രദേശങ്ങളിൽ പ്രേഷിതദൗത്യം നിറവേറ്റണ്ടതിന്റെ താത്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് 1622-ൽ "ദെ പ്രൊപ്പഗാന്ത ഫീദേ" (*De Propaganda Fide*) എന്ന തിരുസംഘം സ്ഥാപിച്ചത്. അത് പരിപാലനയുടെതായ ഒരു ദീർഘ ദൃഷ്ടി ആയിരുന്നു! ഭൗതിക അധികാരികളുടെ ഇടപെടൽകൂടാതെ തീർത്തും സ്വതന്ത്രമായ രീതിയിൽ സഭയുടെ സുവിശേഷവൽക്കരണദൗത്യം നിറവേറ്റുന്നതിൽ അത് നിർണായകമായി ഭവിച്ചു; ഇന്ന് വളരെയേറെ ഓജസ്സ് പ്രകാശിപ്പിക്കുന്ന പ്രാദേശിക സഭകൾ സ്ഥാപിക്കപ്പെടാൻ അത് കാരണമായി. കഴിഞ്ഞ നാല് നൂറ്റാണ്ടുകളിൽ എന്നപോലെ, ഈ തിരുസംഘം സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ കൂട്ടിയിണക്കുകയും സംഘടിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പ്രവൃത്തി തുടരുകയും തീക്ഷ്ണതരമാക്കുകയും ചെയ്യുമെന്നാണ് നാം പ്രത്യാശിക്കുന്നത്.

സാർവത്രിക സഭയെ നയിക്കുന്ന അതേ ആത്മാവ്തന്നെയാണ് സാധാരണ സ്ത്രീപുരുഷന്മാരെ അസാധാരണമായ പ്രേഷിത ദൗത്യത്തിനായി പ്രേചോദിപ്പിക്കുന്നത്. അങ്ങനെയാണ് പൗളിൻ യാരിക്കോട്ട് എന്ന ഫ്രഞ്ച് യുവതി കൃത്യം ഇരുന്നൂറു വർഷംമുമ്പ് "വിശ്വാസപ്രചാരണത്തിനായുള്ള സംഘം" (The Society for the Propagation of the Faith) സ്ഥാപിച്ചത്. അവൾ ഈ ജൂബിലി വർഷത്തിൽ വാഴ്ത്തപ്പെട്ടവൾ എന്നു വിളിക്കപ്പെടും. അവളുടെ ആരോഗ്യം പരിമിതമായിരുന്നെങ്കിലും, വിശ്വാസികൾക്ക് ''ഭൂമിയുടെ അതിർത്തിയോളമുള്ള'' പ്രേഷിത പ്രവർത്തനത്തിൽ സജീവമായി പങ്കുചേരാൻതക്കവിധം, പ്രാർത്ഥനയുടെ ഒരു ശൃംഖലയും പ്രേഷിതർക്കുവേണ്ടി സഹായം സ്വരൂപിക്കാൻ ഒരു സംഘടനയും സ്ഥാപിക്കാനുള്ള ദൈവിക പ്രചോദനം അവൾക്കു ലഭിച്ചു.

അവളുടെ ഈ അത്യുജ്ജ്വല ആശയമാണ് എല്ലാവർഷവും ലോക പ്രേഷിതദിനം ആചരിക്കാൻ ഇടയാക്കിയത്; അതുവഴിയായി പ്രാദേശിക സമൂഹങ്ങളിൽനിന്നു ലഭിക്കുന്ന ധനം സാർവത്രിക സഭയുടെ മൂലധനത്തിലേക്കു ചേർക്കപ്പെടുകയും പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കാനായി പാപ്പാ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

ഇത്തരുണത്തിൽ ഞാൻ ചാൾസ് ദെ ഫോർസിൽ-യാൻസൺ എന്ന ഫ്രഞ്ച് മെത്രാനെയും അനുസ്മരിക്കുന്നു. കുട്ടികളുടെ ഇടയിൽ പ്രേഷിതചൈതന്യം വളർത്തുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം "തിരുബാലസഖ്യം" (Association of the Holy Childhood) സ്ഥാപിക്കുകയുണ്ടായി. അതിന്റെ ആപ്തവാക്യം ഇപ്രകാരമാണ്: "കുട്ടികൾ കുട്ടികളെ സുവിശേഷവൽക്കരിക്കുന്നു, കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർഥിക്കുന്നു, കുട്ടികൾ ലോകം മുഴുവനുമുള്ള കുട്ടികളെ സഹായിക്കുന്നു." മിഷൻ പ്രദേശങ്ങളിലുള്ള വൈദികവിദ്യാർത്ഥികളെയും വൈദികരെയും സഹായിക്കുക എന്ന ലക്ഷ്യത്തോടെ "വിശുദ്ധ പത്രോസ് അപ്പോസ്തലന്റെ സംഘം" (Society of Saint Peter the Apostle) സ്ഥാപിച്ച ജീൻ ബിഗാർഡിനെയും ഞാൻ ഓർക്കുന്നു. ഈ മൂന്നു മിഷൻ സംഘങ്ങളും "പൊന്തിഫിക്കൽ" ആയി നൂറുവർഷംമുമ്പ് ഉയർത്തപ്പെട്ടു. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താലും സഹായത്താലുമാണ് 150 വർഷംമുമ്പ് ജനിച്ച വാഴ്ത്തപ്പെട്ട പൗളോ മന്നാ ഇന്നത്തെ "പൊന്തിഫിക്കൽ മിഷൻ യൂണിയൻ" (Pontifical Mission Union) സ്ഥാപിച്ചത്; അത് വൈദികരുടെയും സന്യാസിനീസന്യാസികളുടെയും ദൈവജനംമുഴുവന്റെയും ഇടയിൽ പ്രേഷിത അവബോധവും ചൈതന്യവും ജനിപ്പിക്കാൻ വേണ്ടിയായിരുന്നു. വിശുദ്ധ പോൾ ആറാമൻതന്നെയും ഈ സംഘത്തിന്റെ അംഗമായിരുന്നു; അദ്ദേഹം അതിനു പേപ്പൽ അംഗീകാരം ഉറപ്പുവരുത്തുകയും ചെയ്തു. ഈ നാല് പൊന്തിഫിക്കൽ മിഷൻ സംഘങ്ങളെക്കുറിച്ച് സംസാരിക്കുന്നത് അവയുടെ ചരിത്രപരമായ വലിയ ഗുണമേന്മ പരിഗണിച്ചാണ്. അവർ സാർവത്രിക സഭയിലും പ്രാദേശിക സഭകളിലും സുവിശേഷവൽക്കരണ ദൗത്യത്തിനു ഉപകരിക്കുന്ന രീതിയിൽ ചെയ്തുവരുന്ന പ്രവൃത്തികളെ ഓർത്തുകൊണ്ട് അവരോടൊപ്പം ആഹ്ലാദിക്കാൻ, ഈ പ്രത്യേക വർഷത്തിൽ, ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ദൈവജനത്തിന്റെ ഇടയിൽ പ്രേഷിതചൈതന്യം വളർത്തുന്നതിനുള്ള മാർഗം ഈ സംഘങ്ങളിലൂടെ പ്രാദേശിക സഭകൾ കണ്ടെത്തുമെന്നാണ് ഞാൻ പ്രത്യാശിക്കുന്നത്.

പ്രിയ സഹോദരീസഹോദരന്മാരേ, സമ്പൂർണമായും പ്രേഷിതയായ ഒരു സഭയെയും ക്രൈസ്തവ സമൂഹങ്ങൾക്കിടയിൽ പ്രേഷിത പ്രവർത്തനത്തിന്റെ ഒരു പുതിയ കാലഘട്ടത്തെയും ഞാൻ സ്വപ്നം കാണുന്നു. പ്രയാണത്തിലായിരുന്ന ദൈവജനത്തെ സംബന്ധിച്ചു മോശയ്ക്കുണ്ടായിരുന്ന വലിയ അഭിലാഷം ഞാൻ ആവർത്തിക്കുന്നു: "കർത്താവിന്റെ ജനം മുഴുവൻ പ്രവാചകർ ആയിരുന്നെങ്കിൽ!" (സംഖ്യ

11:29). ജ്ഞാനസ്നാനംവഴി നാം എന്തായി ഭവിച്ചോ അത് എല്ലാവരും സഭയിൽ യഥാർത്ഥത്തിൽ ആയിത്തിർന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു; അതായത്, ലോകത്തിന്റെ അതിർത്തികളോളം, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പ്രവാചകരും സാക്ഷികളും കർത്താവിന്റെ പ്രേഷിതരും.

പ്രേഷിത റാണിയായ മറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

2022 ജനുവരി 6–ാം തിയതി, കർത്താവിന്റെ
പ്രത്യക്ഷവൽക്കരണ മഹോത്സവത്തിൽ റോമിലെ ലാറ്ററൻ
ദേവാലയത്തിൽവച്ച് നല്കപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

*പിഒസി, കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം*
*കൊച്ചി 682 025*



*ചെറുപുഷ്പം മിഷൻ ലീഗ് വിജയപുരം രൂപത ഛായാചിത്ര പ്രയാണത്തിന് പൊടിമറ്റം സെന്റ്ജോസഫ് ചർച്ച് ഇടവകയിൽ നൽകിയ സ്വീകരണം.*

## പരേതരെ സ്മരിക്കാം – നവംബർ

| | | |
|---|---|---|
| 07 | (1984) | മോൺ. ജേക്കബ് വെള്ളരിങ്ങാട്ട് |
| 12 | (1981) | ഫാ. ബെനഡിക്റ്റ് ഒ.സി.ഡി. |
| 13 | (2007) | ഫാ. വിജിലിയൂസ് ചിരിയങ്കണ്ടത്തിൽ |
| 14 | (1996) | ഫാ. ജോവാക്കിം കണക്കൻചേരി |
| 23 | (2011) | ഫാ. ധർമ്മരാജ് എം. |
| 24 | (1931) | ഫാ. മരിയാൻ ഒ.സി.ഡി. |
| 25 | (2000) | ഫാ. ഫെലിചിസിമോ ദേ ഔരോ ബിൽബാവോ ഒ.സി.ഡി. |
| 29 | (2012) | ഫാ. പോൾ കാനാട്ട്. |

# അന്താരാഷ്ട്ര കുടിയേറ്റക്കാരുടെയും പ്രവാസികളുടെ ദിനം ആചരിച്ചു

വിജയപുരം പ്രവാസി കൂട്ടായ്മയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര കുടിയേറ്റക്കാരുടെയും പ്രവാസികളുടെ ദിനം ഒക്ടോബർ 1 ശനിയാഴ്ച രാത്രി 9 30ന് സൂം പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ് ഉദ്ഘാടനം ചെയ്ത യോഗത്തിൽ പ്രവാസി കൂട്ടായ്മ പ്രസിഡൻറ് ശ്രീ റാനോഷ് രാജൻ അധ്യക്ഷനായിരുന്നു. വിജയപുരം ഇന്റർനാഷണൽ മൈഗ്രന്റ്സ് അസോസിയേഷൻ (VIMA)യുടെ 2021-22 വർഷത്തെ റിപ്പോർട്ട് സെക്രട്ടറി ശ്രീ. സൈമൺ ആന്റണിയും സാമ്പത്തിക റിപ്പോർട്ട് ട്രെഷറർ ശ്രി റെനി ജോർജും അവതരിപ്പിച്ചു.

2022-23 വർഷത്തെ കർമ്മപദ്ധതി അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരി ൽ പിതാവ് പ്രകാശനം ചെയ്തു. രൂപത വികാരി ജനറൽ അഭി. മോൺ. ജസ്റ്റിൻ മഠത്തിപറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തുകയും കൂട്ടായ്മയുടെ പതാക പ്രകാശനം ചെയ്യുകയും ചെയ്തു. പ്രവാസി കൂട്ടായ്മ ഡയറക്ടർ ഫാ. ലിനോസ് ബിവേര ചുള്ളിക്കപ്പറമ്പിൽ ആശംസ അറിയിക്കുകയും ഔദ്യോഗിക ലോഗോ പ്രകാശനം ചെയ്യുകയും ചെയ്തു. വിവിധ കലാപരിപാടികളും നടന്നു.



കെ.സി.വൈ.എം പൊടിമറ്റം യൂണിറ്റിന്റെ നിയുക്ത ഭാരവാഹികളുടെ സത്യപ്രതിജ്ഞ ഇടവക വികാരിയും യൂണിറ്റ് ഡയറക്ടറുമായ ആയ ഫാ. സജി പൂവത്തുകാട് സത്യപ്ര തിജ്ഞ വാചകം ചൊല്ലിക്കൊടുക്കുന്നു.

# വിഴിഞ്ഞം തീരസംരക്ഷണ സമരം എന്തിന്?

**ആഡ്വ. ഹെൻറി ജോൺ**

**തി**രുവനന്തപുരത്തെ തീരദേശജനത കഴിഞ്ഞ ഏതാനും മാസങ്ങളായി അതിജീവനത്തിനും ഉപജീവനസംരക്ഷണത്തിനുമായി അധികാരികളുടെ മനസ്സു തുറപ്പിക്കാൻ സമരപാതയിലാണ് എന്ന് നമുക്കറിയാമല്ലോ. വിഴിഞ്ഞം തുറമുഖത്തിന്റെ അശാസ്ത്രീയ നിർമ്മാണത്താൽ ദുരിതമനുഭവിക്കുന്നവർക്ക് നീതി ലഭിക്കണം എന്നതാണ് പ്രഥമമായ ആവശ്യം. ഇക്കാര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രകടിപ്പിക്കുന്ന മനുഷ്യരഹിതമായ സമീപനമാണ് സമരത്തിന് കാരണം. ഇതിൽ രാഷ്ട്രീയ ലക്ഷ്യങ്ങൾ ആരോപിക്കുന്നത് കണ്ണടച്ചിരുട്ടാക്കാം എന്ന മിഥ്യാബോധം കൊണ്ടാണ്. കുടിയൊഴിപ്പിക്കപ്പെട്ട് ഫുഡ്കോർപ്പറേഷൻ ഗോഡൗണുകളിൽ ഹാർഡ്ബോർഡുകൾകൊണ്ട് മറച്ച സ്ഥലങ്ങളിൽ പരിമിതമായ സൗകര്യങ്ങൾ പോലും നിഷേധിക്കപ്പെട്ടു കഴിയുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ അവസ്ഥ എന്തുകൊണ്ട് പൊതുസമൂഹം കാണാതെ പോകുന്നുവെന്നത് ദുരൂഹമല്ലേ? 2018 -ലെ പ്രളയകാലത്ത് ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ കേരളത്തിന്റെ സൈന്യം എന്ന് വിശേഷിപ്പിച്ചത് മറക്കാനാവുമോ? അവരാണിപ്പോൾ ചവിട്ടിമെതിക്കപ്പെടുന്നത്.

വികസനത്തിന് ആരാണ് തടസ്സം നിൽക്കുന്നത്? കേരള ലത്തീൻ സമൂഹം വികസനത്തിനെതിരല്ല. വിമർശിക്കുന്നവർ ചരിത്രത്താളുകൾ മറിച്ചു നോക്കാൻ സന്മനസ്സു കാണിക്കണം. തുമ്പറോക്കറ്റ് വിക്ഷേപണകേന്ദ്രത്തിനുവേണ്ടി പള്ളികളും പൂർവ്വികർ അന്തിയുറങ്ങുന്ന സെമിത്തേരികളും വിട്ടുനൽകിയ യാഥാർത്ഥ്യം മുൻരാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാം ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ളത് വിസ്മരിക്കാമോ? വേദനയോടെ പള്ളിയും സെമിത്തേരിയും കൊച്ചിൻ ഷിപ്പയാർഡിനുവേണ്ടി വിട്ടുകൊടുത്തവരും കേരള ലത്തീൻ സമൂഹമാണ്. ഇവ മാത്രമല്ല, എന്നും എക്കാലവും ഈ രാജ്യത്തിന്റെ വളർച്ചയ്ക്കും പൊതുനന്മയ്ക്കും വേണ്ടി നിലകൊണ്ടവർ തന്നെയാണ് കേരളത്തിലെ ലത്തീൻ കത്തോലിക്കർ. ഇവിടെ എന്താണ് സംഭവിക്കുന്നത്? പൊതുജനനന്മയെന്ന ലക്ഷ്യമല്ല, മറിച്ച് സാമ്പത്തിക ശക്തികേന്ദ്രങ്ങൾക്കും അവരുടെ താത്പര്യങ്ങൾക്കും വേണ്ടി മാത്രമായി സർക്കാരുകളും അധികാരിവർഗ്ഗവും സംവിധാനങ്ങളും മാറുന്നുവെന്നതല്ലേ സത്യം?

വിഴിഞ്ഞം തുറമുഖമായാലും സിൽവർ ലൈൻ ആയാലും വൻകിട പദ്ധതികൾ എല്ലാം തന്നെ വിശദമായി വർഷങ്ങളോളം ശാസ്ത്രീയമായി പഠിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തി വേണം നടപ്പിലാക്കേണ്ടത്. വികസനത്തിനോടൊപ്പം അതിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്നവരും പരിഗണിക്കപ്പെടണം എന്നത് പ്രാഥമിക കർത്തവ്യം തന്നെയാണ്. ഇതില്ലാത്തപ്പോൾ പൊതുസമൂഹം തീർച്ചയായും എതിർക്കും. അവരെ വികസനവിരോധികളെന്ന് ആക്ഷേപിക്കുന്നത് ഒരുതരം രക്ഷപെടൽ തന്ത്രം തന്നെയാണ്.

വിഴിഞ്ഞം പദ്ധതി വേണ്ടത്ര ഗൗരവത്തോടെയുള്ള ശാസ്ത്രീയ പഠനം നടത്താതെയാണ് തുടങ്ങിയതെന്ന വസ്തുത ശരിയാണെന്ന് അനുഭവങ്ങൾ തന്നെ തെളിയിച്ചു കഴിഞ്ഞു. തീരശോഷണം അതിരൂക്ഷമായി, മത്സ്യതൊഴിലാളികളുടെ ഭവനങ്ങൾ കൂട്ടമായി നഷ്ടപ്പെട്ടു, ജീവനോപാധികൾ നഷ്ടമായി. തീരശോഷണത്തെ നിസ്സാരവൽക്കരിക്കുന്നവരും വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം മൂലമല്ല ഇതുണ്ടായതെന്നു വാദിക്കുന്നവരും ഒരിക്കൽ പ്രശസ്തമായിരുന്ന നമ്മുടെ ശംഖുമുഖം ബീച്ച് ഒന്നു സന്ദർശിക്കുന്നത് ഉചിതമായിരിക്കും. ഇത്തരത്തിലുള്ള ശക്തമായ പ്രത്യാഘാതങ്ങളാണ് ആലപ്പുഴ, കൊല്ലം, ഉൾപ്പെടെ മൊത്തം തീരപ്രദേശങ്ങളിൽ ഇപ്പോൾ ഏൽപ്പിക്കപ്പെട്ടിരിക്കുന്നത് എന്നതാണ് വസ്തുത. ചെല്ലാനത്ത് സംഭവിക്കുന്നതും മറ്റൊന്നല്ല. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന വിദഗ്ധ സമിതിയെ നിയമിച്ച് തീരശോഷണം സംബന്ധിച്ച് പഠനം നടത്തേണ്ടത് എത്രയും പ്രാധാന്യമാണെന്ന് ഇതു തെളിയിക്കുന്നു.

വൻകിട പദ്ധതികളുടെയെല്ലാംതന്നെ പുനരധിവാസ പാക്കേജുകൾ പ്രസഹനമായിരുന്നുവെന്നതാണ് നമ്മുടെ രാജ്യത്തെ ചരിത്രം. വല്ലാർപാടത്തെ രാജ്യാന്തര കണ്ടെയ്നർ ട്രാൻഷിപ്പ് ടെർമിനലിനുവേണ്ടി മൂലമ്പള്ളിയിൽ കുടിയൊഴിപ്പിക്കപ്പെട്ട 316 കുടുംബങ്ങൾ അനുഭവിച്ചതും ഒരു വ്യാഴവട്ടമായി അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ ദുരവസ്ഥ തന്നെ നമ്മുടെ എല്ലാവരുടെയും കൺമുമ്പിലുണ്ടല്ലോ. സർക്കാർ സംവിധാനങ്ങൾ ഒരിക്കലും യാഥാർത്ഥ്യബോധത്തോടെയല്ല നടപടികൾ സ്വീകരിക്കുന്നത് എന്നതും ഒരു നഗ്നസത്യം മാത്രം. വിഴിഞ്ഞത്ത് പ്രഖ്യാപിച്ച മാസവാടകയുടെകാര്യം എത്ര പരിഹാസ്യം!!

## ആവശ്യങ്ങൾ

തുറമുഖ നിർമ്മാണം നിർത്തിവച്ച് പ്രത്യാഘാതങ്ങൾ പഠനവിഷയമാക്കി നിഷ്പക്ഷവും ശാസ്ത്രീയവുമായ പഠനം നടത്തണം. മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾ സംരക്ഷിക്കപ്പെടണം. വിനാശകരവും, ഭയാനകവുമായ തീരശോഷണത്തിന്റെ ഫലമായി നഷ്ടമായ ഭവനങ്ങൾ പുനരധിവാസത്തിലൂടെ മാന്യമായ രീതിയിൽ തിരികെ ലഭിക്കണം. അധ്വാനിച്ചു ജീവിക്കാൻ വേണ്ടിയുള്ള മത്സ്യത്തൊഴിലാളികളുടെ തൊഴിൽ മേഖലകൾ സംരക്ഷിക്കപ്പെടണം. ഭൂമിയും കിടപ്പാടവും നഷ്ടപ്പെട്ടവർക്ക് ന്യായമായ നഷ്ടപരിഹാരം നൽകണം.

തീരദേശത്തു കരയുന്ന നമ്മുടെ സഹോദരങ്ങളെ പിന്തുണയ്ക്കുവാൻ നമുക്കു ബാധ്യതയുണ്ട്. കെ.ആർ.എൽ.സി.സി. മാത്രമല്ല കേരളത്തിലെ നാനാവിഭാഗം ജനങ്ങളും ഈ സമരത്തെ പിന്തുണയ്ക്കുന്നുണ്ട്. തുറമുഖ നിർമ്മാണം മുന്നോട്ടു പോയപ്പോഴാണല്ലോ തീരജനതയുടെ ദയനീയാവസ്ഥ കൂടുതൽ മനസ്സിലാക്കാനായത്. വൈദികരും സഭയും തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന ജനങ്ങളെ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധരാണ്. അവർ തങ്ങളുടെ കടമയാണ് നിർവ്വഹിക്കുന്നതെന്നും ബന്ധപ്പെട്ടവർ മനസ്സിലാക്കുക.

# ഇടവക വാർത്തകൾ

## ബാലികാദിനാഘോഷം കുറിച്ചി



ബാലികാദിനാഘോഷത്തിൽ പങ്കെടുത്ത കുട്ടികളോടൊപ്പം വികാരി ഫാ. ജോസഫ് തറയിൽ, ഇടവക സമിതി സെക്രട്ടറി ശ്യാം ചിറയ്ക്കൽ, മ ബോധന ഹെഡ്മാസ്റ്റർ മേരിദാസൻ എൻ.വൈ. നെടുംപറമ്പിൽ, സ്റ്റാഫ് സെക്രട്ടറി നിർമ്മല ഷാജി മാറ്റാട്ടിത്തറ എന്നിവരും മറ്റ് അധ്യാപകരും

## ആണ്ടൂർ മൗണ്ട് കാർമ്മൽ ദേവാലയത്തിലെ CML ദിനാചരണം



CML കുട്ടികൾ ദിവ്യബലിക്കു നേതൃത്വം നൽകി. ഇടവക വികാരി ഫാ. ജോസഫ് കുറ്റിക്കാട്ടിൽ CML ദിന സന്ദേശം നൽകി. കുട്ടികൾക്കായി 'വി.കൊച്ചുത്രേസ്യ' ക്വിസ്മത്സരവും നടന്നു. 24 കുട്ടികൾ പങ്കെടുത്തു. ബിനിമോൾ ബിജു, റിനോ സാജു, നെഹ്റിൻ ബിജു, എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

## ഐക്യദാർഢ്യം പൊടിമറ്റം




വിഴിഞ്ഞം സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് ജപമാല റാലി നടത്തി. പൊടിമറ്റം : പൊടിമറ്റം സെന്റ് ജോസഫ്സ് റോമൻ കത്തോലിക്കാ പള്ളി ഇടവകയുടെ നേതൃത്വത്തിൽ പൊടിമറ്റത്തു നിന്നും പാറത്തോട്ടിലേക്ക് ജപമാല റാലി സംഘടിപ്പിച്ചു. റാലി സെന്റ് ജോസഫ്സ് ഇടവക വികാരി ഫാ.ജോസഫ് സജി പൂവത്തുകാട് ഫ്ളാഗ് ഓഫ് ചെയ്തു. റാലി പാറത്തോട് ജംഗഷനിൽ സമാപിച്ചു. റവ. ഫാ. വർഗീസ് ആലുങ്കൽ സമാപന സന്ദേശം നൽകി.



വയോജന ദിനത്തിൽ പൊടിമറ്റം സെന്റ് ജോസഫ് ഇടവകയിലെ മുതിർന്ന അംഗം 100 വയസുള്ള സാറാമ്മ ജോൺ കാവുങ്കലിനെ ഇടവക വികാരി ബഹു:സജി പൂവത്തുക്കാട് ആദരിച്ചു. ഇടവക സെക്രട്ടറി ബെന്നി പാമ്പാടിയിൽ, കുടുംബകൂട്ടായ്മ കോർഡിനേറ്റർ ജെയിംസ് പറപ്പള്ളി തുടങ്ങിയവർ സമീപം.

# അഭിനന്ദനങ്ങൾ

***മണ്ണയ്ക്കനാട് സ്പെഷ്യൽ സ്കൂൾ സാരഥി റവ.സി. റാണി SCC-യ്ക്ക് അഭിനന്ദനങ്ങൾ. സിസ്റ്റർ കരസ്ഥമാക്കിയ ബഹുമതികൾ***

1. Ethans special Olympics Indian volleyball coach 2011
2. Rotary Club of Trivandrum 2012
3. Social Commitment Award 2015
4. Special School Merit Award 2015
5. Good Samaritan Award 2015
6. Dreams 2015 (Rotary Club Koothattukulam)
7. Community Service Excellence Award 2016
8. National Championship Athletics 2016
9. Special Olympics Bharath Kerala state Athletics Meet 2016
10. Memento of Gratitude (Buoyancy 2017)
11. Good Samaritan Award 2017
12. Jaycee Khel Ratna Puraskar 2017
13. Manikkoodaram Charitable Trust 2018
14. Memento of Gratitude SACE (Science Arts Cultural Exhibition Mannanam)
15. Smash 2019 winner (Wayanad)
16. Kottayam District Administration Felicitate 2019
17. Lions clubs international Druthi 2020 - kottayam
18. Co.operative bank Marangattupilly award
19. Best performances and team manager of Kerala (SMYM poonjar unit)
20. PAID AWARD 2022





# അഭിനന്ദനങ്ങൾ

വൈശ്യംഭാഗം ഹോളി ക്രോസ്സ് ഇടവക അംഗമായ സോണി ഏലിയാസ് ആസ്സാമിലെ ഗുവാഹത്തിയിൽ നടന്ന 75 മത് Senior National Games ൽ Water Polo യിൽ ഗോൾഡ് മെഡലും, ഗുജറാത്തിലെ രാജ്കോട്ടിൽ വെച്ച് നടന്ന 36-മത് National games-ൽ വെള്ളി മെഡലും നേടി.

# ആദരാഞ്ജലികൾ



**സി. പൗളിൻ ചിറയത്ത് SCC (90)**
മൂന്നാർ



**ഫാ. തോമസ് മുടക്കാലിൽ CFIC (70)**

# ചരമസ്മരണ



**ഫ്രാൻസിസ് വർഗ്ഗീസ്**
സെന്റ് ജോസഫ് ചർച്ച്
തുകലശ്ശേരി
ജനനം: 28 - 05 - 1964
മരണം: 16 - 07 - 2020



**അരുൺ മാളോത്ത്**
തെള്ളകം
ജനനം: 08 - 05 - 1993
മരണം: 20 - 10 - 2012
10 - ാം ചരമവാർഷികം

*Secretariat Kerala Catholic Bishops' Council*

# PASTORAL ORIENTATION CENTRE

PB No 2251, Palarivattom, Kochi - 682025, Kerala, India.
Tel: 91-484-2805722, 2805815, Fax: 0484 280 6214, E-mail: deputysecretarykcbc@gmail.com

19.09.2022

Ref: 2185/P-24/OL/POC/DIR

അഭിവന്ദ്യ പിതാവേ,

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയമായ പി ഒ സി യിൽ നിന്നും ആശംസകൾ!

പി ഒ സി യിൽ പ്രവർത്തിക്കുന്ന പാസ്റ്ററൽ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (PTI) നേതൃത്വത്തിൽ 2016 മുതൽ നടന്നു വരുന്ന Witnesses of Mercy (Diploma on Mission) എന്ന കോഴ്സിന്റെ 8 ബാച്ചുകൾ ഇതിനോടകം വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞു. പിതാവിന്റെ പ്രാർത്ഥനയ്ക്കും അനുഗ്രഹത്തിനും നന്ദി പറയുന്നു. 9-ാമത്തെ ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുകയാണ്..

കേരള സഭാ നവീകരണത്തിന്റെ പശ്ചാത്തലത്തിൽ അങ്ങയുടെ രൂപതയിലെ, പ്രേഷിത പ്രവർത്തന ശുശ്രൂഷയിൽ താല്പര്യമുള്ള ബഹു. സിസ്റ്റേഴ്സ്, അത്മായർ, വേദോപദേശകർ, പ്രൊമോട്ടർമാർ, സുവിശേഷാംഗങ്ങൾ എന്നിവർക്ക് ഈ കോഴ്സ് ഏറെ പ്രയോജനം ചെയ്യുന്നതാണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

ക്രിസ്തീയ മിഷണറി നേതൃത്വമാതൃകകൾ പരിശീലിപ്പിക്കുന്ന വിധത്തിലാണ് കോഴ്സ് ക്രമീകരിച്ചിട്ടുള്ളത്. കേരളത്തിനകത്തുള്ള ഇടവകകൾ കേന്ദ്രീകരിച്ചുള്ള പ്രായോഗിക പരിശീലനവും കേരളത്തിന് പുറത്തുള്ള മിഷൻ പ്രദേശങ്ങൾ സന്ദർശിച്ച് പഠിക്കുന്നതിനുള്ള ക്രമീകരണവും ഈ കോഴ്സിന്റെ ഭാഗമാണ്. 2023 ജനുവരി മാസം ആരംഭിച്ച് 2023 ഡിസംബർ 30-ന് അവസാനിക്കുന്ന രീതിയിൽ ഓരോ മാസത്തിന്റെയും രണ്ടാം വെള്ളി, ശനി (2 ദിവസം) ദിവസങ്ങളിൽ പി ഒ സി യിൽ താമസിച്ചുള്ള രീതിയിലാണ് പരിശീലന പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്.

അങ്ങയുടെ രൂപതയിലെ മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെടുന്നവരോ, അങ്ങ് നിശ്ചയിക്കുന്ന മറ്റു വ്യക്തികളോ ഈ കോഴ്സിൽ ചേരുന്നതിനു വേണ്ട നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

കോഴ്സിന്റെ വിശദ വിവരങ്ങൾ ഇതോടൊപ്പമുള്ള ബ്രോഷറിൽ നൽകിയിട്ടുണ്ട്.

സ്നേഹപൂർവ്വം

ഫാ. ജേക്കബ് ജി പാലയ്ക്കാപ്പിള്ളി
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെ.സി.ബി.സി
ഡയറക്ടർ, പിഒസി
8590551283

ഫാ. ടോണി കോഴിമണ്ണിൽ
ഡീൻ ഓഫ് സ്റ്റഡീസ്, പിറ്റിഐ
9447441109

## Pastoral Training Institute (PTI) , Palarivattom, Kochi

Pastoral Orientation Centre, Secretariat,
Kerala Catholic Bishops' Council, Palarivattom, Kochi - 682 025
**For Registration: 9447441109, 8113876979**

## Certificate Course in Deploma on Mission Witnesses of Mercy

**കോഴ്സിനെകുറിച്ചുള്ള വിശദവിവരങ്ങൾ**

1. എല്ലാ മാസത്തിന്റെയും രണ്ടാം വെള്ളി, ശനി ദിവസങ്ങളിൽ പിഒസിയിൽ വച്ചായിരിക്കും കോഴ്സ് നടത്തുക.
2. ഒരു വർഷം (2023 ജനുവരി മുതൽ ഡിസംബർ വരെ) നീണ്ടു നിൽക്കുന്ന കോഴ്സിൽ, കൂദാശകൾ, മിഷൻ പ്രവർത്തനം, പ്രേഷിത ശുശ്രൂഷകൾ, വിശ്വാസ പരിശീലനം, നേതൃത്വ പരിശീലനം, ജീവിത വൈദഗ്ധ്യം, സഭാ നവീകരണം എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതാണ്.
3. ആകെ 12 മൊഡ്യൂളുകൾ (24 ദിവസം) നീണ്ടുനിൽക്കുന്ന കോഴ്സിൽ 50 പേർക്കു മാത്രമാണ് പ്രവേശനം നൽകുന്നത്.
4. കേരളത്തിനകത്തുള്ള മിഷൻ പ്രവർത്തനം (Mission Exposure) കേരളത്തിനു പുറത്തുള്ള മിഷൻ യാത്ര ഇതിന്റെ ഭാഗമായി നടത്തുന്നതാണ്.
5. ഓരോ മാസത്തെയും ക്ലാസിൽ പഠിപ്പിക്കുന്ന വിഷയങ്ങളുടെ അസൈൻമെന്റ് അടുത്ത മാസത്തെ ക്ലാസിൽ സമർപ്പിക്കണം.
6. പിഒസിയിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫാറം പൂരിപ്പിച്ച് പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച്, വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടൊപ്പം 2022 ഡിസംബർ 30നകം ഓഫീസിൽ എത്തിക്കേണ്ടതാണ്.
7. കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ് ഒരു മൊഡ്യൂളിന് 1000 രൂപ (താമസം, ഭക്ഷണം ഉൾപ്പടെ) നൽകേണ്ടതാണ്.
8. കോഴ്സ് വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതാണ്.
9. മതബോധന അധ്യാപകർ, മിഷൻ കോ-ഓർഡിനേറ്റർമാർ, വചനപ്രഘോഷകർ, പ്രൊമോട്ടർമാർ, സുവിശേഷസംഘാംഗങ്ങൾ, ആനിമേറ്റേഴ്സ്, അധ്യാപകർ എന്നിവർക്ക് ഈ കോഴ്സ് പ്രയോജനം ചെയ്യുന്നതാണ്. എല്ലാവരും ഈ കോഴ്സ് പരമാവധി പ്രയോജനപ്പെടുത്തി കേരളസഭാ നവീകരണവർഷ മിഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതരാകേണ്ടതാണ്.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡയറക്ടർ, പിഒസി.
9447441109

**ഫാ. ടോണി കോഴിമണ്ണിൽ**
ഡീൻ ഓഫ് സ്റ്റഡീസ് പിറ്റിഐ.
8113876979

# ചെറുപുഷ്പം മിഷൻ ലീഗ് വിജയപുരം രൂപത മിഷൻ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു



ഒക്ടോബർ 8 കോട്ടയം നല്ല ഇടയൻ ദൈവാലയത്തിൽ വെച്ച് നടന്ന രൂപതാ ലീഗ് കമ്മറ്റിയിൽ ചെറുപുഷ്മിഷൻ ലീഗ് രൂപതാ ഡയറക്ടർ ഫാ. മാത്യു ഒഴത്തിൽ മിഷൻ ലീഗ് പതാക ഉയർത്തി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു.

ചെറുപുഷ്പ മിഷൻ ലീഗ് തിരുസഭയുടെ ദൈവവിളിയുടെ സ്രോതസ്സ് ആണെന്നും അനേകം വിശുദ്ധരെ തിരുസഭയ്ക്ക് നൽകിയിട്ടുള്ള മിഷൻ ലീഗ് സംഘടന എന്നും തിരുസഭയ്ക്ക് ഒരു സമ്പത്ത് ആണെന്നും മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാൻ നാം നമ്മുടെ കുഞ്ഞു മിഷണറിമാരെ പ്രാർത്ഥനയിലൂടെയും പുണ്യ പ്രവർത്തികളിലൂടെയും പ്രോത്സാഹിപ്പിക്കണം എന്നും ഡയറക്ടർ ഓർമ്മപ്പെടുത്തി. രൂപത വൈസ് ഡയറക്ടർ സിസ്റ്റർ മേരി ജൂലിയ ഡി.ഐ.എച്ച് മിഷൻ ലീഗ് സന്ദേശം നൽകി സംസാരിച്ചു. പീരുമേട് മേഖല ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ രൂപതാ പ്രവർത്തനങ്ങൾക്കും ഒക്ടോബർ മാസത്തിൽ നടക്കുവാൻ പോകുന്ന രൂപതാതല ഛായചിത്ര പ്രയാണത്തിനും ആശംസകൾ അറിയിച്ചു.

ഫാ. ജോർജ് മനോജ് ലോബോ, ഫാ. ഏണസ്റ്റ് എന്നിവർ രൂപതാ മിഷൻ പ്രവർത്തനങ്ങൾക്ക് ആശംസകൾ അറിയിച്ചു. നല്ലിടയൻ ദൈവാലയത്തിലെ ലീജിയൻ ഓഫ് മേരി അംഗങ്ങളും മിഷൻ ദിനാചരണത്തിൽ പങ്കുചേർന്നു. രുപതാ എക്സിക്യൂട്ടിവ് കമ്മറ്റികൂടി കേരള സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന രൂപതാ തല ഛായാചിത്ര പ്രയാണത്തെക്കുറിച്ചും മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. രൂപതാ ഭാരവാഹികളായ സച്ചു റെജി, സിന്റാ ഡെന്നീസ് വിവിധ മേഖലകളിലെ ഓർഗനൈസർമാരായ ജിനു കുളത്തട്ടിൽ, ബിനു റോയ്, ജെയ്സി ജിൻസാ, അമൽ ഔസേപ്പച്ചൻ എന്നിവർ ഈ മീറ്റിങ്ങിൽ സന്നിഹിതരായിരുന്നു.



*തെള്ളകം സെന്റ് മേരീസ് ദേവാലയത്തിൽ ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ പതാക ഉയർത്തുകയും മിഷൻ ലീഗിന്റെ ആന്ദം ചൊല്ലി പ്രതിജ്ഞ എടുക്കുകയും ചെയ്തു.*



*തിരുവല്ലാ മേഖലാ മതാദ്ധ്യാപക സംഗമം*

തിരുവല്ല മേഖല മതാദ്ധ്യാപക സംഗമം 24-10-2022-ന് തിരുവല്ല തുകലശ്ശേരി സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. 13 യൂണിറ്റുകളിൽ നിന്നായി 130 ടീച്ചേഴ്സ് പങ്കെടുത്തു. മേഖലാ ഡയറക്ടർ ബഹുമാനപ്പെട്ട ജോഷി അച്ചൻ ആമുഖ സന്ദേശം നൽകി.ഫൊറോനാ വികാരി പെരിയ ബഹു. ഫാ.സ്റ്റീഫൻ പുത്തൻപറമ്പിൽ സംഗമം ഉദ്ഘാടനം ചെയ്തു ബഹുമാനപ്പെട്ട ഫാ. സജി, ഫാ. ജോർജ് ലോബോ എന്നിവർ സന്നിഹിതരായിരുന്നു. കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്ക് കോളേജ് പ്രൊഫസർ ബിനു പെരുന്തോട്ടം സാർ ക്ലാസ് നയിച്ചു. ഉച്ചയ്ക്കു 2.30 ന് സമാപന സമ്മേളനത്തിൽ വച്ച് ജോയ് ആലുക്കാസ് സ്പോൺസർ ചെയ്ത സമ്മാന കൂപ്പൺ നറുക്കെടുപ്പ് നടന്നു. വിജയികൾക്ക് ആലുക്കാസ് മാൾ ബ്രാഞ്ച് മാനേജർ ശ്രീ ഷെൽട്ടൻസമ്മാനദാനംനിർവഹിച്ചു.തുടർന്ന്എസ്എസ്എൽസി, പ്ലസ്ടു, ബി.എഡ്, സൺഡേ സ്കൂൾ സ്കോളർഷിപ്പ് എന്നിവയിൽ ഉന്നത വിജയം നേടിയ കുട്ടികളെ അഭിനന്ദിച്ച് രൂപത ഡയറക്ടർ ബഹുമാനപ്പെട്ട വർഗീസ് കൊട്ടക്കാട്ടച്ചൻ മെമെന്റോ നൽകി. മേഖല സെക്രട്ടറി സിസ്റ്റർ ബെറ്റ്സി ഏവർക്കും നന്ദി അർപ്പിച്ചു.

## സെന്റ് മേരീസ് കുറുമുള്ളൂർ – ചെറുപുഷ്പ മിഷൻ ലീഗ് ദിനം



ചെറുപുഷ്പ മിഷൻ ലീഗ് ദിനം ആചരിച്ചു. വി. കുർബാനയ്ക്കുശേഷം എല്ലാ മതബോധന വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ദൈവാലയത്തിനു ചുറ്റും നടത്തിയ റാലി ബഹു. വികാരി തോമസ് ജോഫി വല്ലത്തുംചിറ ഫ്‌ളാഗ് ഓഫ് ചെയ്തു. വി. കൊച്ചുത്രേസ്യായുടെ വേഷധാരിയായ മതബോധന വിദ്യാർത്ഥിനി ചെറുപുഷ്പ മിഷൻ ലീഗ് ദിനത്തെക്കുറിച്ച് സന്ദേശം നൽകി.



മൂന്നാർ സ്ഥൈര്യലേപനം




# ജന്മദിനാശംസകൾ

03 ഫാ. വർഗ്ഗീസ് ആലുങ്കൽ
05 ഫാ. പയസ് കുടകശേരി
14. ഫാ. ജോസഫ് മീനായിക്കോടത്ത്
17. ഫാ. റ്റോം ജോസ്
22. ഫാ. മാത്യു വില്ലുകുളം
29. ഫാ. മാത്യു പൂവക്കാട്ടുതറപ്പേൽ
30. ഫാ. ക്ലീറ്റസ് കതിർപ്പറമ്പിൽ

**നവംബർ**

# KRLCBC - KRLCC അർദ്ധ വാർഷിക സമ്മേളനം വിമലഗിരി മാതാവിന്റെ മടിത്തട്ടിൽ




2023 ജനുവരി 13 മുതൽ 15 വരെ KRLCBC - KRLCC അർദ്ധ വാർഷിക സമ്മേളനം വിജയപുരം രൂപയുടെ ആതിഥേയത്വത്തിൽ നടത്തുവാൻ തീരുമാനിച്ചു. സമ്മേളനത്തിന്റെ നടത്തിപ്പിനായിട്ടുള്ള KRLCC ഗവേണിംഗ് ബോഡി അംഗങ്ങളുടെയും ഫൊറോന വികാരിമാരുടെയും സംഘടന, പ്രതിനിധികളുടെയും പ്രാഥമിക യോഗം ഒക്ടോബർ 24-ാം തീയതി വിജയപുരം ബിഷപ്പ്സ് ഹൗസിൽ കൂടി. ജനറൽബോഡിയോഗത്തിന്റെ നടത്തിപ്പിനായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ KRLCC ജനറൽ സെക്രട്ടറി ഫാ.തോമസ് തറയിൽ നൽകി. വിവിധ കമ്മിറ്റികളെ തെരഞ്ഞെടുത്തു. വിജയപുരം രൂപത വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപറമ്പിൽ, ചാൻസലർ മോൺ. ജോസ് നവസ്, KRLCC വൈസ് പ്രസിഡന്റുമാരായ ഫാ. സിപ്രിയൻ കാപ്പുച്ചിൻ, ശ്രീ. ജോസഫ് ജൂഡ്, അസോസിയേറ്റ് ജനറൽ സെക്രട്ടറി ഫാ. ജിജു ജോർജ് അറക്കത്തറ, സെക്രട്ടറി ശ്രീ. P.J. തോമസ്, ശ്രീ. ഷിബു, വിജയപുരം രൂപത മിനിസ്ട്രി കോ-ഓർഡിനേറ്റർ ഫാ. വർഗീസ് കോട്ടക്കാട്ട്, രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീമതി മേരി മാത്യു, വിവിധ ഫൊറോന വികാരിമാർ, രൂപതയിലെ വിവിധ സംഘടനകളുടെ അത്മായ പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.



*മറയൂർ മരിയൻ സെന്ററിന്റെ ശിലാസ്ഥാപനം അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുന്നു*

# വി.എസ്.എസ്.എസ്. വാർത്തകൾ

## സ്ഥാപക ദിനാഘോഷം




*സ്ഥാപകദിനാഘോഷ പരിപാടി മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ സംസാരിക്കുന്നു*

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 61-ാം സ്ഥാപകദിനാഘോഷത്തോടനുബന്ധിച്ച് ആസൂത്രണം ചെയ്ത ലഹരിക്കെതിരായ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കോട്ടയം നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി. സിജോൺ നിർവ്വഹിച്ചു. പ്രചരണത്തിനായി വി.എസ്.എസ്.എസ്. നിർമ്മിച്ച ഹ്രസ്വചിത്രം "പിൻവിളി"യും അദ്ദേഹം പുറത്തിറക്കി. വികാരി ജനറാളും വി.എസ്.എസ്.എസ്. പ്രസിഡന്റുമായ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ അദ്ധ്യക്ഷനായിരുന്നു. കോട്ടയം എക്സൈസ് സി.ജെ. ഇ.പി. സിബി സന്ദേശം നൽകി. വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ, അസി. ഡയറക്ടർ ഫാ. ലിനൂസ് ബിവേര ചുള്ളിക്കാപ്പറമ്പിൽ, നഗരസഭാംഗം മോളിക്കുട്ടി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

## സുരക്ഷിത പ്രവാസം പദ്ധതി

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇൻഡ്യ, കാരിത്താസ് ബൽജിയം എന്നീ ഏജൻസികളുടെ സഹായത്തോടെ നടപ്പിലാക്കുന്ന സുരക്ഷിത പ്രവാസം പദ്ധതിയുടെ ഭാഗമായി അതിഥിത്തൊഴിലാളികളുടെ മക്കളിൽ കേരളത്തിൽ തുടർപഠനം നടത്തുന്നവർക്കായി നൽകുന്ന പഠനോപ




*സുരക്ഷിതപ്രവാസം പദ്ധതി:*
*ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ സംസാരിക്കുന്നു*

കരണങ്ങളുടെ വിതരണം അമലനിലയത്തിൽ വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. വി.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. രുപതാ പ്രവാസികാര്യാലയം ഡയറക്ടർ ഫാ. ലിനൂസ് ബിവേര ചുള്ളിക്കാപ്പറമ്പിൽ, ആശാകിരണം കോ-ഓർഡിനേറ്റർ പ്രമീല ജോർജ്, കെ.എൽ.എം. രൂപതാ പ്രസിഡന്റ് കെ. ജെ. ജോസഫ്, പദ്ധതി കോ-ഓർഡിനേറ്റർ ടി.കെ. രാജു. എന്നിവർ പ്രസംഗിച്ചു.




*കോട്ടയം ചൈൽഡ് ലൈൻ തിരുവാർപ്പിൽ നടത്തിയ*
*ഓപ്പൺ ഹൗസിൽ നിന്ന്*

# കാഴ്ചദിനാചരണം



*കാഴ്ചദിനാചരണം അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു*

ലോക കാഴ്ച ദിനാചരണത്തിന്റെ ഭാഗമായി വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി കേരള സംസ്ഥാന ആരോഗ്യവകുപ്പ്, ആരോഗ്യ കേരളം പദ്ധതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കുറിച്ചി സെന്റ് സേവ്യഴ്സ് ദേവാലയത്തിൽ നടത്തിയ സൗജന്യ നേത്രപരിശോധന ക്യാമ്പ് ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ.ജോബ് മൈക്കിൾ ഉദ്ഘാടനം ചെയ്തു. പള്ളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. ടോമിച്ചൻ ജോസഫ് അധ്യക്ഷനായിരുന്നു. വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ അനുഗ്രഹപ്രഭാഷണം നടത്തി. പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആനിമാമ്മൻ, പള്ളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീലമ്മ ജോസഫ്, പഞ്ചായത്തംഗങ്ങളായ വൈശാഖ് പി.കെ., സുമ എബി, ഡോ. പ്രീതി എ. സലാം ഡോ. ജയന്തി സജീവ് എന്നിവർ ആശംസ നേർന്നു. നേരത്തെ മന്ദിരം കവലയിൽ നിന്നാരംഭിച്ച റാലി കുറിച്ചി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുജാത സുശീലൻ, ഫ്ളാഗ് ഓഫ് ചെയ്തു. രാഷ്ട്രീയ നേതാക്കൾ അദ്ധ്യാപകർ, സ്കൂൾ കോളേജ് വിദ്യാർത്ഥികൾ സന്നദ്ധ പൊതുപ്രവർത്തകർ, ആശാ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.




*തിരുവല്ലയിൽ നടന്ന ബാലവേദി നേതൃപരിശീലന ശില്പശാല*



ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഡി.വൈ.എസ്.പി. സി. ജോൺ നിർവ്വഹിക്കുന്നു



മുണ്ടക്കയത്ത് നടന്ന ബാലവേദി നേതൃപരിശീലന ക്യാമ്പ്





# അഭിവന്ദ്യ പിതാവിന്റെ
## നവംബർ മാസ പരിപാടികൾ

| | |
|---|---|
| 01 ചൊവ്വ 10.00 am | - ദിവ്യബലി, സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രം, കോട്ടയം. |
| 02 ബുധൻ 6.30 am | - പരേതർക്കുവേണ്ടിയുള്ള ദിവ്യബലി, വിമലഗിരി കത്തീഡ്രൽ |
| 7.30 am | - പരേതരായ വൈദികർക്കുവേണ്ടിയുള്ള ദിവ്യബലി, വൈദീകരുടെ സെമിത്തേരി ചാപ്പലിൽ, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 03 വ്യാഴം 6.30 am | - ബ്രദർ റോക്കി അനുസ്മരണ ദിവ്യബലി, നല്ല ഇടയൻ ദൈവാലയം, കോട്ടയം |
| 05 മുതൽ 13 വരെ | - CBCI ബാംഗ്ളൂർ |
| 26-27 | - ഇടയ സന്ദർശനവും സ്ഥൈര്യലേപനവും, തിരുഹൃദയ ദൈവാലയം, പാമ്പനാർ |
| 29 തിങ്കൾ 05.00 Pm | - വിമലഗിരി കത്തീഡ്രൽ, തിരുനാൾ കൊടിയേറ്റ് |

## പരി. പാപ്പായുടെ നിയോഗം നവംബർ 2022



**യാതനയനുഭവിക്കുന്ന കുട്ടികൾക്കുവേണ്ടി**

യാതനയനുഭവിക്കുന്ന കുട്ടികൾക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. വളരെ പ്രത്യേകിച്ച്, ഭവനമില്ലാത്തവർ, അനാഥർ, യുദ്ധക്കെടുതികൾക്കു ഇരയായവർ എന്നിവരെ സ്മരിക്കാം. ഇവർക്ക് കുടുംബത്തിലെ സ്നേഹം അനുഭവിക്കാനുള്ള അവസരം ലഭിക്കാനും വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പുവരുത്താനും നമുക്കു പ്രാർത്ഥിക്കാം



കാന്തല്ലൂർ സ്ഥൈര്യലേപനം



മറയൂർ സ്ഥൈര്യലേപനം



# ആദരാഞ്ജലികൾ

**ജിതിൻ കെ. ജെൻസൺ**
കാട്ടുപാറക്കുഴിയിൽ
പന്നിമറ്റം
വെള്ളിയാമറ്റം ഇടവക

NOVEMBER 2022
Vol. 15 • Issue 11
Published on
1th November 2022

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2020-22
LIC. No. KL/CR/KTM/WPP-03/2020-22
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

### കോട്ടയം വിമലഗിരി കത്തീഡ്രലിൽ

## പരി. വിമലഗിരി മാതാവിന്റെ

# അമലോത്ഭവ തിരുനാൾ

**2022 നവംബർ 29 മുതൽ 2022 ഡിസംബർ 8 വരെ**



**2022 നവംബർ 29 (ചൊവ്വ) 5.15 pm**



**തിരുനാൾ പതാക ഉയർത്തൽ**
**അഭി. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ്**
(വിജയപുരം രൂപതാ മെത്രാൻ)

**2022 ഡിസംബർ 7 (ബുധൻ)**

5.30 pm : ദിവ്യബലി, വചനപ്രഘോഷണം
നൊവേന, പട്ടണപ്രദക്ഷിണം
ദിവ്യകാരുണ്യ ആശീർവാദം

രാത്രി 9.00 : **നടതുറക്കൽ**

**2022 ഡിസംബർ 8 വ്യാഴം (പ്രധാന തിരുനാൾ ദിനം)**

തീർത്ഥാടക പദയാത്രികർ ഉച്ചക്ക് 12.00 മണിക്ക്
ഗുഡ്ഷെപ്പേർഡ് ദൈവാലയത്തിൽ എത്തുന്നു.

12.30 Noon : നേർച്ച സദ്യ
2.00 pm : കത്തീഡ്രലിലേക്കുള്ള തീർത്ഥാടക പദയാത്ര
2.30 pm : അഭി. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിന്റെ
മുഖ്യകാർമ്മികത്വത്തിലുള്ള
ആഘോഷമായ തിരുനാൾ സമൂഹദിവ്യബലി

**2022 ഡിസംബർ 15 വ്യാഴം (എട്ടാമിടം)**

5.00 pm : അഭി. പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ
ആഘോഷമായ കൃതജ്ഞതാ സമൂഹബലി


**എല്ലാ ദിവസവും 5.30 pm**
**ദിവ്യബലി, വചനപ്രഘോഷണം**
**നൊവേന, ദിവ്യകാരുണ്യ ആശീർവാദം**

നവംബർ 30



ആർച്ച് ബിഷപ്പ് തോമസ് നെറ്റോ

ഡിസംബർ 01



ബിഷപ്പ് വിൻസെന്റ് മാർ പൗലോസ്

ഡിസംബർ 03



ബിഷപ്പ് ജോസ് പുളിക്കൽ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180